# തിരുഹൃദയ മാസിക
(The Sacred Heart Monthly)


**Vol. 79**
**2014 October**

79 Years of Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam



*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- കൂരിയാ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- ചെറുപുഷ്പ മിഷൻ ലീഗ്
- കെ. സി. എസ്. എൽ.
- കെ. സി. വൈ. എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ


## വാർഷിക വരിസംഖ്യ


75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**KCBC Circular**

**3 / 2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 16 - 08 - 2014

## പ്രാർത്ഥനാദിനം
## 2014 ഓഗസ്റ്റ് 17/24

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവസ്നേഹത്തിലൂന്നിയ മനുഷ്യസ്നേഹമാണ് എല്ലാ മതങ്ങളുടെയും കാതൽ. അതിനാൽത്തന്നെ, സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലൂടെ നിത്യജീവനിലേക്ക് നടക്കാൻ മനുഷ്യനെ സഹായിക്കുക എന്ന കർത്തവ്യമാണ് എല്ലാ മതങ്ങൾക്കുമുള്ളത്. സഹോദരനെതിരേ വാളുയർത്തുന്നവൻ "നിന്റെ സഹോദരനെവിടെ?" (ഉത്പ. 4:9) എന്ന ദൈവശബ്ദത്തിന് മറുപടി പറയേണ്ടി വരും.

എന്നാൽ, ഇന്ന് ഒരുഭാഗത്ത് സാംസ്കാരികമൂല്യങ്ങളും മതവിശ്വാസങ്ങളും നഷ്ടപ്പെടുകയും മനുഷ്യൻ ധാർമിക അധഃപതനത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്യുമ്പോൾ, മറുഭാഗത്ത് മതാന്ധതയും സാംസ്കാരിക അസഹിഷ്ണുതയും മനുഷ്യനെ അക്രമമാർഗങ്ങളിലേക്കു തള്ളിവിടുന്നു. മനുഷ്യവംശത്തിന്റെ നിലനില്പു തന്നെ അപകടപ്പെടുത്തുംവിധമുള്ള ഭീകരമായ ഒരവസ്ഥ സംജാതമായിരിക്കുന്നു.

അനേകം നൂറ്റാണ്ടുകൾ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മറ്റു മതവിഭാഗങ്ങളും സമാധാനപൂർവം സഹവർത്തിച്ചിരുന്ന ഇറാക്കിന്റെ വടക്കൻ പ്രവിശ്യകളിൽ നിന്ന് പതിനായിരക്കണക്കിന് ക്രൈസ്തവരും യാസ്സീദികളുമുൾപ്പെടുന്ന ന്യൂനപക്ഷങ്ങൾക്ക് വീടുവിട്ടോടേണ്ടിവരുന്നു. വീടുകളും കച്ചവടകേന്ദ്രങ്ങളും കൊള്ളയടിക്കപ്പെടുകയും ആരാധനാലയങ്ങൾ അഗ്നിക്കിരയാവുകയും ചെയ്യുന്നു. സ്ത്രീകളും കുട്ടികളും എല്ലാത്തരത്തിലുമുള്ള പീഡനങ്ങൾക്കും ഭീകരതയ്ക്കും ഇരകളായിക്കൊണ്ടിരിക്കുന്നു. മതതീവ്രവാദികളായ ഒരുപറ്റം അക്രമികൾ തങ്ങൾ പിടിച്ചെടുത്ത ഇറാക്കിന്റെയും സിറിയയുടെയും ഭൂഭാഗങ്ങൾ ചേർത്ത് ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഒരു കാലിഫേറ്റ് സ്ഥാപിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി

മുന്നേറുന്നു. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏതാനും ലോകരാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പരിമിതമായ മിലിട്ടറി ഇടപെടലുകളും ഇനിയും ഫലം കണ്ടുതുടങ്ങിയിട്ടില്ല.

ഓഗസ്റ്റ് മാസം 10-ാം തീയതി ഞായറാഴ്ച ആഞ്ചലൂസ് പ്രാർത്ഥനയ്ക്കുശേഷം ലോകത്തോടു പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പങ്കുവച്ച വാക്കുകളിൽ ഒരു വലിയ പ്രവാചകശബ്ദം നിറഞ്ഞുനില്ക്കുന്നുണ്ട്. ഇറാക്കിൽ ക്രൈസ്തവരുൾപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കു നേരേ നടക്കുന്ന അക്രമങ്ങളെ അപലപിച്ചുകൊണ്ട് പരിശുദ്ധ പിതാവു പറഞ്ഞു: “മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൂക്ഷിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാകയുമരുത്.” അദ്ദേഹം തുടരുന്നു. “ഇറാക്കിൽ നിന്നും ലഭിക്കുന്ന വാർത്തകൾ ഞെട്ടിക്കുന്നതും വിശ്വസിക്കാൻ കഴിയാത്തതുമാണ്. ക്രൈസ്തവരുൾപ്പെടെ മതന്യൂനപക്ഷങ്ങളായ ആയിരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് അവർ ലക്ഷ്യമില്ലാതെ പലായനം ചെയ്യുന്നു. രക്ഷപ്പെടുന്നതിനിടയിൽ കുഞ്ഞുങ്ങൾ വിശപ്പും ദാഹവുംകൊണ്ട് മരിച്ചുവീഴുന്നു. സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ടുപോയി എല്ലാത്തരം ക്രൂരതകൾക്കും വിധേയരാക്കുന്നു. മതസ്വാതന്ത്ര്യം നിഷേധിക്കുന്നു. ചരിത്രപരവും സാംസ്കാരികവുമായ സർവതും തകർക്കപ്പെടുന്നു.”

“ദൈവം തന്ന അമൂല്യജീവനെ സംരക്ഷിക്കാൻ കടപ്പെട്ടവർ അതിനെ നിഷ്കരുണം ചവിട്ടി മെതിക്കുന്നു. ആയുധം താഴെയിടുവാൻ പഠിപ്പിക്കുന്ന മതങ്ങൾ ഇവിടെ ശക്തിപ്രാപിക്കണം. സഹോദരനെ തോളോടു ചേർത്ത് ആശ്വസിപ്പിക്കുന്ന മതനേതാക്കൾ ഉണർന്നെഴുന്നേല്ക്കണം. വൈരാഗ്യത്തിന്റെയും ക്രൂരതയുടെയും മുഖംമൂടികൾ അഴിച്ചെടുത്തെങ്കിലേ ഇവിടെ ഒരു പുതിയ ഭൂമിയും പുതിയ ആകാശവും പുനഃസ്ഥാപിക്കപ്പെടുകയുള്ളു. സമാധാനശ്രമങ്ങളും പ്രാർത്ഥനയുമാണ് അക്രമത്തിനെതിരേയുള്ള ഏറ്റവും ഫലപ്രദമായ ആയുധം. മനുഷ്യനന്മയിലുള്ള വിശ്വാസം നഷ്ടപ്പെടാതെ, ദൈവത്തിലാശ്രയിച്ച് നമുക്ക് പ്രാർത്ഥിക്കാം. മനുഷ്യരാശിക്കുനേരേ ഇറാക്കിലും സിറിയയിലും ഗാസ്സയിലും നടക്കുന്ന അക്രമങ്ങളെ സർവശക്തിയോടുംകൂടെ നമുക്ക് അപലപിക്കാം.”

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനം സ്വീകരിച്ച് കേരളസഭയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും 2014 ഓഗസ്റ്റ് 17 ഞായറാഴ്ചയോ 24 ഞായറാഴ്ചയോ പ്രാർത്ഥനാ ദിനമായി ആചരിക്കണമെന്ന് കെസിബിസി ആഹ്വാനം ചെയ്യുന്നു. പീഡനങ്ങളേറ്റ് മരിച്ചുവീണ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ആത്മാക്കളെ പരിശുദ്ധ അൾത്താരയിൽ സമർപ്പിക്കാം. അക്രമത്തിനിരയായവരുടെ നീതിക്കുവേണ്ടിയുള്ള നിലവിളി ദൈവസന്നിധിയിൽ സ്വീകൃതമാകുന്നതിനുവേണ്ടി അവരോട് നമുക്കു ചേർന്നു നില്ക്കാം. വീടും സമ്പാദ്യവും ആരാധനാലയങ്ങളും പിറന്ന മണ്ണുമുപേക്ഷിച്ച് പലായനം ചെയ്യുന്ന മാതാപിതാക്കളെയും മക്കളെയും സഹോദരങ്ങളെയും നമ്മുടെ ഹൃദയത്തോടുചേർത്ത് പ്രാർത്ഥിക്കാം. ദൈവാലയങ്ങളും ആശ്രമങ്ങളും മഠങ്ങളും സ്ഥാപനങ്ങളും അഗ്നിക്കിരയാകുന്നതുകണ്ട് കരൾനൊന്തു തങ്ങളുടെ ജനങ്ങളോടൊപ്പം ഇറങ്ങിത്തിരിച്ച അനേകം വൈദികരെയും സന്ന്യസ്തരെയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ആഹാരവും വെള്ളവും മരുന്നും കിട്ടാതെ വഴിയരികിലും മലയോരങ്ങളിലും തളർന്നു വീഴുന്ന കുഞ്ഞുങ്ങളുടെ വേദനയെ ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽ സമർപ്പിക്കാം. മതവും ഭീകരതയും ഒരുമിക്കുന്നത് മനുഷ്യരെ മതത്തിൽനിന്നും ദൈവത്തിൽ നിന്നും അകറ്റാനേ ഉപകരിക്കൂ എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകുന്നതിനുവേണ്ടി കൈകൾ കൂപ്പാം. മതതീവ്രവാദവും മതനിഷേധവും ഒരുപോലെ ആപത്താണെന്ന തിരിച്ചറിവ് മനുഷ്യവംശത്തിനുണ്ടാകാനായി മനമുരുകി പ്രാർത്ഥിക്കാം.

മധ്യേഷ്യയിലും സുഡാനിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ചവിട്ടി അരയ്ക്കപ്പെടുന്ന മനുഷ്യന്റെ വേദന ഏറ്റുവാങ്ങുന്നതിനായി ഈ ദിവസത്തെ നമുക്ക് മാറ്റിവയ്ക്കാം. ഓഗസ്റ്റ് 17/24 ജീവന്റെ സംരക്ഷണദിനമായി നമുക്ക് ആചരിക്കാം. മതതീവ്രവാദത്തിനിരയായിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥനകളും പരിഹാരകർമ്മങ്ങളും അനുഷ്ഠിക്കാനും പ്രാർത്ഥനാസമ്മേളനങ്ങൾ നടത്താനും ആഹ്വാനം ചെയ്യുന്നു. 17/24-ാം തീയതിയിലെ വിശുദ്ധ കുർബാന വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കുന്നവർക്കും രക്തസാക്ഷിത്വം വരിക്കുന്നവർക്കുവേണ്ടി കാഴ്ചവയ്ക്കാം. ഈ ഒരാഴ്ചക്കാലം കുടുംബപ്രാർത്ഥനയിൽ അവരെ പ്രത്യേകം സ്മരിക്കുകയും ചെയ്യാം.

"നിന്റെ സഹോദരനെവിടെ?" എന്നു ചോദിക്കുന്ന ദൈവത്തിനുമുമ്പിൽ ആയുധം താഴെ വയ്ക്കാൻ അക്രമികൾ തയ്യാറായേ തീരൂ. ശരീരത്തിലും മനസ്സിലും മുറിവേറ്റ ആയിരങ്ങളുടെ ആത്മാക്കൾ ഇതിനുവേണ്ടി നിലവിളിക്കുന്നു. അധികാരത്തിന്റെയും അഹന്തയുടെയും പേരിൽ നടത്തുന്ന അക്രമങ്ങൾ മതത്തിന്റെ പേരുപറഞ്ഞ് ന്യായീകരിക്കാൻ യഥാർത്ഥ മതവിശ്വാസികൾ കൂട്ടുനില്ക്കരുത്. മനുഷ്യത്വരഹിതമായ ഇത്തരം തിന്മകളെ അപലപിക്കാൻ എല്ലാ മതവിശ്വാസികളും സന്മനസ്സുള്ള എല്ലാ മനുഷ്യരും മുന്നോട്ടുവരും എന്നു പ്രത്യാശിക്കുന്നു.

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്ക ബാവ**
കെ.സി.ബി.സി. പ്രസിഡന്റ്

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ

NB: 2014 ഓഗസ്റ്റ് 24-ാം തീയതി ഈ സർക്കുലർ നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

# പ്രാർത്ഥനാദിനം
# മെത്രാന്മാരുടെ സിനഡിന്റെ 3-ാം അസാധാരണ സമ്മേളനത്തിന്റെ വിജയത്തിന്
# 2014 സെപ്തംബർ 28 ഞായർ

2014 സെപ്തംബർ 28-ാംതീയതി ഞായറാഴ്ച മെത്രാന്മാരുടെ സിനഡിന്റെ 3-ാം അസാധാരണ സമ്മേളനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കായി മാറ്റിവച്ചിരിക്കുന്നു. ആ സമ്മേളനം ഒക്ടോബർ 5 മുതൽ 19 വരെയായിരിക്കും. സമ്മേളനവിഷയം "കുടുംബങ്ങൾ നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ: സുവിശേഷവത്കരണത്തിന്റെ സാഹചര്യത്തിൽ" എന്നതാണ്.

പ്രാദേശികസഭകളും ഇടവകസമൂഹങ്ങളും സന്ന്യസ്തരുടെ സ്ഥാപനങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും കുർബാനയുടെ സമയത്തും ലിറ്റർജിപരമായ മറ്റ് അനുഷ്ഠാനങ്ങളിലും ഈ നിയോഗത്തോടെ പ്രാർത്ഥിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. സമ്മേളനത്തിനുമുമ്പുള്ള ദിവസങ്ങളിലും സമ്മേളനം നടക്കുന്ന ദിവസങ്ങളിലും അപ്രകാരം പ്രാർത്ഥിക്കണം. വിശ്വാസികൾ വ്യക്തിപരമായും, പ്രത്യേകിച്ച് എല്ലാ കുടുംബങ്ങളിലും, ഈ പ്രാർത്ഥനകളിൽ പങ്കുചേരാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പാ രചിച്ച "സിനഡിനുവേണ്ടി തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന" എല്ലാകുടുംബങ്ങളിലും ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പ്രാർത്ഥനയിൽ / മധ്യസ്ഥപ്രാർത്ഥനയിൽ താഴെപ്പറയുന്ന നിയോഗങ്ങൾ ഉൾപ്പെടുത്തണം. സെപ്തംബർ 28-ലെ കുർബാനയിൽ അവ ഉൾപ്പെടുത്തണം. കാനോനജപത്തിലെ ഉച്ച പ്രാർത്ഥയിലും സായാഹ്നപ്രാർത്ഥനയിലും അവ ഉൾപ്പെടുത്തണം. സിനഡിന്റെ സമ്മേളനകാലത്ത് കൊന്തനമസ്കാരം നടത്തുകയും വേണം.

**I. സിനഡിനുവേണ്ടി തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന**

ഈശോ മറിയം യൗസേപ്പേ, നിങ്ങളിലുള്ള യഥാർത്ഥ സ്നേഹത്തിന്റെ പ്രഭയെക്കുറിച്ച് ഞങ്ങൾ ധ്യാനിക്കുന്നു. ആത്മധൈര്യത്തോടെ ഞങ്ങൾ നിങ്ങളിലേക്കു തിരിയുന്നു.

നസ്രസ്സിലെ തിരുക്കുടുംബമേ, ഞങ്ങളുടെ കുടുംബങ്ങളും ഐക്യത്തിന്റെയും പ്രാർത്ഥനയുടെയും കേന്ദ്രങ്ങളും സുവിശേഷത്തിന്റെ യഥാർത്ഥവിദ്യാലയങ്ങളും ചെറിയ ഗൃഹസഭകളുമാകാൻ അനുഗ്രഹിക്കണമേ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബങ്ങൾ ഇനി മേൽ ഒരിക്കലും അക്രമവും പരിത്യജിക്കലും വിഭജനവും അനുഭവിക്കാൻ ഇടയാകാതിരിക്കട്ടെ. ദ്രോഹിക്കപ്പെട്ടവരും ഉതപ്പിന് വിധേയരാക്കപ്പെട്ടവരും ആശ്വാസവും സൗഖ്യവും എളുപ്പത്തിൽ കണ്ടെത്താൻ ഇടയാകട്ടെ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബത്തിന്റെ പവിത്രതയും അലംഘനീയതയും ദൈവികപദ്ധതിയിൽ അതിനുള്ള സൗന്ദര്യവും ഒരിക്കൽക്കൂടി ഞങ്ങളെ ഓർമ്മിപ്പിക്കാൻ ആസന്നമായിരിക്കുന്ന മെത്രാന്മാരുടെ സമ്മേളനം കാരണമാകട്ടെ.

ഈശോ മറിയം യൗസേപ്പേ, കരുണാപൂർവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ആമേൻ

## II. വിശ്വാസികളുടെ പ്രാർത്ഥന/മധ്യസ്ഥപ്രാർത്ഥന

സഹോദരീസഹോദരന്മാരേ,

ദൈവകുടുംബമെന്ന നിലയിൽ സമ്മേളിക്കുകയും നമ്മുടെ വിശ്വാസത്താൽ പ്രചോദിതരാവുകയും ചെയ്ത നമുക്ക് മനസ്സുകളെയും ഹൃദയങ്ങളെയും സ്വർഗീയ പിതാവിങ്കലേക്ക് ഉയർത്താം. നമ്മുടെ കുടുംബങ്ങൾ ക്രിസ്തുവിന്റെ കൃപാവരത്താൽ താങ്ങി നിറുത്തപ്പെട്ട് നമ്മൾ എല്ലാവരും ജീവിക്കുകയും ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന യഥാർത്ഥ ഗൃഹസഭകളായിത്തീരട്ടെ.

**നമുക്ക് പ്രാർത്ഥിക്കാം:**

കർത്താവേ, ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമേ

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

**ഫ്രാൻസിസ് മാർപാപ്പായ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

സ്നേഹത്തിൽ സഭയുടെ അധ്യക്ഷനായിരിക്കാൻ കർത്താവ് അദ്ദേഹത്തെ വിളിച്ചു. മെത്രാൻ സംഘത്തിന്റെയും മുഴുവൻ ദൈവജനത്തിന്റെയും കൂട്ടായ്മയ്ക്കായുള്ള സേവനത്തിൽ ശുശ്രൂഷ ചെയ്യാൻ അദ്ദേ

ഹത്തെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ, ........
**സിനഡുപിതാക്കന്മാർക്കുവേണ്ടിയും മെത്രാന്മാരുടെ സിനഡിന്റെ മൂന്നാം അസാധാരണ സമ്മേളത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്കു വേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.**
കർത്താവിന്റെ പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ. കുടുംബം നേരിടുന്ന വെല്ലുവിളികളെ ദൈവികപദ്ധതിയോടുള്ള വിശ്വസ്തതയിൽ സഭ പ്രതികരിക്കാൻ ഇടയാകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു:
കർത്താവേ, ........
**രാഷ്ട്രങ്ങളെ ഭരിക്കാൻ ഉത്തരവാദിത്വമുള്ളവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.**
ദൈവികപദ്ധതി പ്രകാരം സമൂഹത്തിന്റെ മൗലികഘടകമെന്ന നിലയിൽ കുടുംബത്തിന്റെ മൂല്യം അംഗീകരിക്കുന്നവയും പ്രയാസങ്ങളിൽ കുടുംബങ്ങളെ സഹായിക്കുന്നവയുമായ പദ്ധതികൾ നടപ്പിലാക്കാൻ അവരെ പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ, ........
**ക്രൈസ്തവകുടുംബങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**
ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തെ തന്റെ സാന്നിധ്യംകൊണ്ട് മുദ്രവച്ച കർത്താവ് നമ്മുടെ കുടുംബങ്ങളെ നസ്രസ്സിലെ കുടുംബത്തിന്റെ മാതൃകയിൽ പ്രാർത്ഥനയുടെ ശാലകളും ജീവന്റെയും സ്നേഹത്തിന്റെയും തീവ്രതയുള്ള സമൂഹങ്ങളുമാക്കുവാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ, ........
**പ്രയാസങ്ങൾ അനുഭവിക്കുന്ന ദമ്പതികൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം:**
ക്ഷമിക്കലിലേക്കും അനുരഞ്ജനത്തിലേക്കുമുള്ള അവരുടെ യാത്രയിൽ ധാരണയും ക്ഷമയും പ്രദർശിപ്പിക്കുന്ന സഭയുടെ മാതൃത്വപരമായ ശ്രദ്ധയിലൂടെയും താത്പര്യത്തിലൂടെയും കരുണാസമ്പന്നനായ കർത്താവ് അവരുടെയിടയിൽ സന്നിഹിതനായിരിക്കാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**സുവിശേഷത്തെപ്രതി മാതൃദേശം വിട്ടു പലായനം ചെയ്യാൻ നിർബന്ധിക്കപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.**

മറിയത്തോടും യൗസേപ്പിനോടുംകൂടെ വിപ്രവാസം അനുഭവിച്ച കർത്താവ് തന്റെ കൃപകൊണ്ട് അവരെ ആശ്വസിപ്പിക്കുന്നിതിനും അവർക്ക് സഹോദര്യപരമായ സ്നേഹത്തിന്റെയും മാനുഷികമായ ഐക്യദാർഢ്യത്തിന്റെയും വഴികൾ തുറന്നുകൊടുക്കുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**അപ്പൂപ്പന്മാർക്കും അമ്മൂമ്മമാർക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

വൃദ്ധരായ ശിമയോൻ, അന്ന എന്നിവരാൽ ദേവാലയത്തിൽവച്ചു സ്വീകരിക്കപ്പെട്ട കർത്താവ് അവരെ വിവേകമുള്ള സഹകാരികളാക്കട്ടെ. കുട്ടികൾക്കു വിശ്വാസം പകർന്നു നല്കാനും വളർത്താനും അവർ മാതാപിതാക്കളോടു സഹകരിക്കുന്നവരാകാൻ ഞങ്ങൾപ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**ശിശുക്കൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

തന്റെ പരസ്യശുശ്രൂഷയിൽ കുട്ടികളെ സ്വാഗതം ചെയ്യുകയും സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നവരുടെ മാതൃകകളായി അവരെ കാണിക്കുകയും ചെയ്ത ജീവന്റെ കർത്താവ് ഗർഭസ്ഥജീവനോടുള്ള ആദരവുണ്ടാ

കാൻ പ്രചോദിപ്പിക്കുന്നതിനും ജീവനോടുള്ള ക്രൈസ്തവവീക്ഷണത്തിന് അനുസൃതമായി കുട്ടികളെ വളർത്താനുള്ള പദ്ധതികൾ ഉണ്ടാകാൻ ഇടയാകുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**യുവജനത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

കാനായിലെ കല്യാണത്തെ പവിത്രീകരിച്ച കർത്താവ് ദൈവികപദ്ധതിയനുസരിച്ച് കുടുംബത്തിനുള്ള വിശുദ്ധിയുടെ സൗന്ദര്യവും അലംഘനീയതയും യുവജനം കണ്ടെത്താൻ പ്രേരിപ്പിക്കുന്നതിനും വിവാഹത്തിനു തയ്യാറാകുന്നവരെ സഹായിക്കുന്നതിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**നമുക്കു പ്രാർത്ഥിക്കാം**

തന്റെ കരവേലയെ ഒരിക്കലും ഉപേക്ഷിക്കാത്ത ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. സഭ തന്റെ സിനഡുയാത്ര തുടങ്ങുന്ന ഈ സന്ദർഭത്തിൽ സഭയെ പ്രകാശിപ്പിക്കുവാൻ അവിടത്തെ പുത്രന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കണമേ. നസ്രസിലെ തിരുക്കുടുംബത്തിൽ പ്രശോഭിച്ച യഥാർത്ഥ സ്നേഹത്തിന്റെ പ്രഭയെക്കുറിച്ച് സഭ ധ്യാനിക്കാൻ ഇടയാകട്ടെ. ഇന്നത്തെ ലോകത്തിലെ വെല്ലുവിളികളോട് ധീരതയോടും കാരുണ്യത്തോടുംകൂടി പ്രത്യുത്തരിക്കുന്നതിന് സ്വാതന്ത്ര്യവും അനുസരണവും പഠിക്കുവാൻ ഇടയാകുകയും ചെയ്യട്ടെ. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളണമേ. ആമേൻ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Circular No: 156
**Appeal for Jammu & Kashmir**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 21-09-2014

പ്രിയ ബഹു. അച്ചാ,

ജമ്മു കാഷ്മീരിൽ അടുത്തയിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽപ്പെട്ട് അനേകം ആളുകൾ ദുരന്തത്തിലായെന്ന വിവരം മാധ്യമങ്ങളിലൂടെ അറിഞ്ഞിരിക്കുമല്ലോ. 200 ഓളം ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും 23,000 ആളുകൾക്ക് ഭവനങ്ങളും വസ്തുവകകളും നഷ്ടമാവുകയും ആറുലക്ഷത്തിലധികം പേർ ക്ലേശത്തിലാവുകയും ചെയ്തതായി അറിയുന്നു. കാരിത്താസ് ഇൻഡ്യ പോലുള്ള കത്തോലിക്കാ സന്നദ്ധ സംഘടനകൾ സഹായ ഹസ്തവുമായി അവിടെ എത്തിയിട്ടുണ്ട്. ജമ്മു കാഷ്മീർ രൂപതാധ്യക്ഷനും ഭാരതീയ മെത്രാന്മാരുടെ സമിതിയും നമ്മുടെ സഹായം അഭ്യർത്ഥിക്കുകയുണ്ടായി.

ഈ ദുരന്തത്തിൽപെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കേണ്ടത് ക്രൈസ്തവരായ നമ്മുടെയും ഉത്തരവാദിത്തമാണല്ലോ. ആയതിനാൽ 2014 ഒക്ടോബർ 12-ാം തീയതിയിലെ സ്തോത്രക്കാഴ്ച ഈ ഉദ്ദേശ്യത്തിലേയ്ക്ക് സ്വീകരിക്കുകയും 2014 ഒക്ടോബർ 22ന് മുമ്പായി ആ തുക അതിരൂപത കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

കഷ്ടതയനുഭവിക്കുന്ന ജമ്മു കാഷ്മീരിലെ സഹോദരങ്ങൾക്ക് ആശ്വാസവും കരുത്തും കിട്ടുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ക്ലേശങ്ങൾ ദൂരീകരിക്കുന്നതിന് നമ്മാൽ ആകുന്ന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

✠ **മാർ ജോസഫ് പണ്ടാരശ്ശേരിൽ**

കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ

# കൂരിയാ വാർത്തകൾ

## NEW APPOINTMENTS

| | | |
|---|---|---|
| Fr. Jose Adoppillil | - | Syro Malabar Diocese of Chicago |
| Fr. Stephen Padinjarekkara | - | Syro Malabar Diocese of Chicago |
| Fr. Jacob Thadathil | - | Vice Rector - MSP Seminary |
| | | + Vicar, Punaloor |
| Fr. Winson Pulivelil | - | Asst. Vicar, Monippally |
| Fr. Abraham Poovathummoottil | - | Asst. Vicar, Piravom |
| Fr. Bressan Ozhungalil | - | Asst. Vicar, Kaipuzha |
| Fr. Biby Tharayil | - | Vicar, Pachira |

## തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| ഒക്ടോബർ | 11 – 12 | പഠനാനുഭവ ധ്യാനം |
| | 12 – 19 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>(ഫാ. ജിബിൽ കുഴിവേലിൽ,<br>ബ്ര. തോമസ് കുര്യൻ & ടീം) |
| | 11 | യുവജന കൂട്ടായ്മ |
| | 18 – 19 | പഠനാനുഭവ ധ്യാനം |
| | 19 – 23 | മരിയൻ ദിവ്യകാരുണ്യാനുഭവ ധ്യാനം<br>(ഫാ. ജോസ് വടകര & ബ്ര. അലക്സ് ടീം) |
| | 25 – 26 | പഠനാനുഭവ ധ്യാനം |
| | 26 – 30 | ആന്തരീക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |
| നവംബർ | 1 – 2 | പഠനാനുഭവ ധ്യാനം |
| | 7,14,21,28 | ജാഗരണ പ്രാർത്ഥന |

# CHAITHANYA PROGRAMME
## October 2014

| Date | Programme |
|---|---|
| 1 | VHSE Staff Training |
| 2-5 | KCYL Camp |
| 2 | KSSS Coordinators' Meeting |
| 3 | KSSS Animators' Training |
| 5 | KSSS Coordinators' Meeting |
| 6 | KSSS Beautician Training |
| 6-8 | Fisheries Department Meeting |
| 8 | KSSS CBR CRC |
| 9-11 | Pre-marriage Course |
| 11 | KSSS Mushroom Cultivation Training |
| 11 | KSSS Ornamental-making Training |
| 11 | KSSS Candle-making Training |
| 13-15 | VHSE Staff Training |
| 14 | Presbyteral Council |
| 14 | KSSS Saranya Programme Awerness Training |
| 16 | KSSS Senior SHG Leaders Training |
| 16 | H.S. School Teacher's Refresher Training |
| 17 | Sense International State Network Meeting |
| 18 | Sense International State Level Advocacy Meeting |
| 20 | KSSS Coordinators' Meeting |
| 21-23 | State Level Teachers' Guild Seminars |
| 27-31 | Co-operative Bank Employees Training |
| Nov. 3 | KSSS Animators' Training |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് പരീക്ഷ

അതിരൂപതയിൽ പതിനയ്യായിരത്തോളം പേർ സെപ്റ്റംബർ 28-ാം തീയതി ലോഗോസ് ക്വിസിൽ പങ്കെടുക്കുകയുണ്ടായി. ഉത്തരകടലാസുകൾ ഒക്ടോബർ 3ന് മുമ്പായി ചൈതന്യയിലോ ബറുമറിയം പാസ്റ്ററൽ സെന്ററിലോ എത്തിക്കേണ്ടതാണ്. അതിരൂപതാതല വിജയികൾക്കുള്ള ക്യാഷ് അവാർഡുകൾ ഉഴവൂരിൽ നടക്കുന്ന ബൈബിൾ കലോത്സവത്തിൽ വച്ച് നൽകുന്നതാണ്.

## ബൈബിൾ കലോത്സവം

നവംബർ 8ന് ഉഴവൂരിൽ നടക്കുന്ന അതിരൂപത ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ എൻട്രി ഫോമുകൾ കൃത്യമായി പൂരിപ്പിച്ച് നവംബർ 4ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഉഴവൂർ പള്ളിയിൽ എത്തിക്കേണ്ടതാണ്.

## സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതുന്നു

ബൈബിൾ കലോത്സവത്തിനൊരുക്കമായി 1000 പേർ ഒരു മണിക്കൂർ കൊണ്ട് പകർത്തിയെഴുതുന്ന ശുശ്രൂഷ ഉഴവൂരിൽ സംഘടിപ്പിക്കുന്നു. നവംബർ 6 വൈകുന്നേരം 5 മണിക്കുള്ള ശുശ്രൂഷയിൽ പങ്കുചേരാനാഗ്രഹിക്കുന്നവർ ഉഴവൂർ പള്ളി വികാരിയുമായി ബന്ധപ്പെടുക.

## വിശുദ്ധനാട് തീർത്ഥയാത്ര

20-ാമത് തീർത്ഥയാത്ര ഒക്ടോബർ 8ന് പുറപ്പെടുന്നു.

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## ഏരിയാ കൗൺസിൽ വാർഷികങ്ങൾ

**കിടങ്ങൂർ** : കിടങ്ങൂർ ഏരിയാ കൗൺസിലിന്റെ വാർഷിക പൊതുയോഗം 3-8-2014ന് ഉച്ചയ്ക്കുശേഷം ചേർപ്പുങ്കൽ സെന്റ് പീറ്റർ & പോൾ കോൺഫ്രൻസിൽ വച്ച് നടന്നു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ബിബിൻ കണ്ടോത്ത് നയിച്ച ക്ലാസിനും ആരാധനയ്ക്കും ശേഷം എ.സി. പ്രസിഡന്റ് ബ്ര. പാട്രിക് ഓട്ടപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ വാർഷിക പൊതുയോഗം ആരംഭിച്ചു. എ.സി. സെക്രട്ടറി ബ്ര. ജോൺ വയലിൽ വാർഷിക റിപ്പോർട്ടും ട്രഷറർ ബ്ര. ജോസ് കോലടിയിൽ കണക്കും അവതരിപ്പിച്ചു. എ.സി. യിലെ എല്ലാ കോൺഫ്രൻസുകളിൽ നിന്നും എത്തിയ അംഗങ്ങൾ സൊസൈറ്റി പ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ചയിൽ പങ്കെടുത്തു. 5 മണിയോടെ യോഗം അവസാനിച്ചു.

**കൈപ്പുഴ** : കൈപ്പുഴ ഏരിയാ കൗൺസിലിന്റെ വാർഷിക പൊതുയോഗം 14-9-2014ന് നീണ്ടൂർ സെന്റ് മൈക്കിൾസ് കോൺഫ്രൻസിൽ വച്ച് 2 PM ന് ആരംഭിച്ചു. ആദ്യം കോതമംഗലം സി.സി. സെക്രട്ടറിയും കെ.ആർ.സി.സി. റിസോഴ്സ് പേഴ്സനുമായ ബ്ര. ഫ്രാൻസിസ് കരിമ്പടക്കുഴി "വിൻസെൻഷ്യൻ തത്വസംഹിതകൾ പ്രായോഗിക ജീവിതത്തിൽ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് എ.സി. പ്രസിഡന്റ് ബ്ര. പി. കെ. ജോർജ് പുത്തൻപ്രാലേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷികയോഗം കൈപ്പുഴ ഫൊറോനാ വികാരി ഫാ. തോമസ് പ്രാലേൽ ഉദ്ഘാടനം ചെയ്തു. എ. സി. സെക്രട്ടറി ബ്ര. ഡോൺ ബോസ്കോ പതിയിൽ വാർഷിക റിപ്പോർട്ടും ട്രഷറർ ബ്ര. ഷിബു ഫിലിപ്പ് മഠത്തിപ്പറമ്പിൽ കണക്കും അവതരിപ്പിച്ചു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. സജി മെത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കോട്ടയം സി.സി. ട്രഷറർ ബ്ര. എൻ. സി. തോമസ്, നീണ്ടൂർ ഇടവകയിലെ നവവൈദികൻ ഫാ. എബ്രഹാം അരീപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എ.സി.വൈസ് പ്രസിഡന്റ് ബ്ര. വി. പി. തോമസുകുട്ടി വടാത്തല എ.സി.യിലെയും എ.സി.യിലെ കോൺഫ്രൻസുകളിലെയും ഒരു വർഷത്തെ

പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവതരിപ്പിച്ചു. നീണ്ടൂർ സെന്റ് മൈക്കിൾസ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. റ്റി. ജെ. ജോസ്, എ.സി. ജോ. സെക്രട്ടറി ബ്ര. എ. പി. മാത്തുക്കുട്ടി എന്നിവരും പ്രസംഗിച്ചു. സ്നേഹവിരുന്നോടെ 6 മണിക്ക് യോഗം അവസാനിച്ചു.

## കലാമത്സരങ്ങൾ നടത്തി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അതിരൂപതാ തലത്തിൽ അംഗങ്ങൾക്കും അംഗങ്ങളല്ലാത്ത ജൂനിയർ, യൂത്ത് വിഭാഗങ്ങൾക്കുമായി കലാമത്സരങ്ങൾ നടത്തി. കോട്ടയം ബി.സി.എം. കോളേജ്, കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലായിരുന്നു മത്സരങ്ങൾ. മൂന്ന് വിഭാഗങ്ങൾക്കും നാല് ഇനങ്ങളിൽ വീതമായിരുന്നു മത്സരങ്ങൾ. കോട്ടയത്ത് 140 പേരും കണ്ണൂരിൽ 80 പേരും മത്സരങ്ങളിൽ പങ്കെടുത്തു. മത്സരവിജയികളിൽ അംഗങ്ങൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് സമ്മാനങ്ങളും അംഗങ്ങളാല്ലാത്തവർക്ക് 2000/-, 1500/-, 1000/- രൂപാ ക്രമത്തിൽ കാഷ് പ്രൈസും ഒക്ടോബർ 5-ാം തീയതി ചൈതന്യാ ഓഡിറ്റോറിയത്തിൽ ചേരുന്ന സി. സി. വാർഷിക സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

## പുതിയ പ്രസിഡന്റ്

സംക്രാന്തി ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് :-
ബ്ര. പി. എം. ജേക്കബ്, പുറത്തേച്ചിറയിൽ, ഗാന്ധിനഗർ

**കെ. ജെ. ജോസ് കോതാലടിയിൽ**
(പ്രസിഡന്റ്)

# ചെറുപുഷ്പ മിഷൻലീഗ്

## വചനാനുഭവം - കടുത്തുരുത്തി മേഖലയിൽ

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ഫോൺ ബൈബിൾ ക്വിസ് (വചനാനുഭവം) തുടരുകയാണ്. മിഷൻലീഗിന്റെ പ്രവർത്തന മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് അംഗങ്ങളെ വചനാനുഭവത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. ഡയറക്ടർമാരും, വൈസ് ഡയറക്ടർമാരും ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസത്തിൽ വചനാനുഭവത്തിലേയ്ക്ക് വിളിക്കേണ്ടത് കടുത്തുരുത്തി മേഖലയിലെ അംഗങ്ങളാണ്.

## അതിരൂപതാ കലോത്സവം കരിങ്കുന്നത്ത്

2014-15 പ്രവർത്തനവർഷത്തെ അതിരൂപത കലാമത്സരങ്ങൾ ഒക്ടോബർ 22ന് കരിങ്കുന്നത്തുവച്ച് നടത്തപ്പെടുന്നതാണ്. കരുങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂളിലാണ് മത്സരവേദികൾ ക്രമീകരിച്ചിരിക്കുന്നത്. രാവിലെ കൃത്യം 9.30ന് മത്സരങ്ങൾ ആരംഭിക്കുന്നതാണ്. മേഖലാ മത്സരത്തിലെ വിജയികളെ അതിരൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കണം. മേഖലയിലെ മത്സര വിജയികളുടെ ലിസ്റ്റ് നിശ്ചിത എൻട്രി ഫോറത്തിൽ തയ്യാറാക്കി ഒക്ടോബർ 15നകം അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോബി പൂച്ചുകണ്ടത്തിൽ** (ഡയറക്ടർ)

# കെ. സി. എസ്. എൽ.

ഈ വർഷത്തെ സാഹിത്യ മത്സരങ്ങൾ ശതാബ്ദിക്കൊരുക്കമായുള്ള മത്സരങ്ങൾ ആയതിനാൽ സാഹിത്യ മത്സരങ്ങൾ സംസ്ഥാനതലത്തിൽ വിപുലമായി നടത്തപ്പെടുന്നു. ഒക്ടോബർ 11-ാം തീയതി ശനിയാഴ്ചയാണ് നടത്തപ്പെടുന്നത്. അതിരൂപതാ മത്സരങ്ങൾ ഒഴിവാക്കി സംസ്ഥാനതല മത്സരങ്ങളാണ് നടത്തുന്നത്. മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ മത്സരങ്ങളും (പേജ് 24-26) ഈ വർഷവും നടത്തപ്പെടുന്നു. ഈ വർഷം

സ്കോളർഷിപ്പ്, ബൈബിൾ വാക്യം എന്നിവ ഗ്രൂപ്പ് ഇനങ്ങളിലായിരിക്കും. കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവ വ്യക്തിഗത ഇനങ്ങളും മറ്റെല്ലാം രണ്ട് പേരടങ്ങുന്ന ഗ്രൂപ്പിനങ്ങളും ആയിരിക്കും. ഓരോ ഐറ്റത്തിനും ഒരു കുട്ടിയ്ക്ക് 2 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും പങ്കെടുക്കാം. ഓരോ ഐറ്റത്തിനും ഒരു കുട്ടിക്ക് 25 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്. സംസ്ഥാന തലത്തിലും റീജിയണൽ തലത്തിലും സോൺ തലത്തിലും ക്യാഷ് അവാർഡുകൾ ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 1 ന് മുമ്പായി ഏതെല്ലാം മത്സരങ്ങളിൽ പങ്കെടുക്കുന്നു എന്ന വിവരം ഡയറക്ടർ ഫാ. ജിനു കാവിലിനെയോ സിസ്റ്റർ വിമൽ എസ്.ജെ.സി.യെയോ അറിയിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്.

പുസ്തകങ്ങളുടെ വിലയും അംഗത്വ ഫീസും അടയ്ക്കാത്തവർ അത് തീർച്ചയായും അടച്ചുതീർക്കുമല്ലോ. കൈയ്യെഴുത്തു മാസിക മത്സരങ്ങൾ 10 മണിയ്ക്ക് തന്നെ ആരംഭിക്കുന്നതാണ്.

## കെ. സി. വൈ. എൽ.

### KCYL കൂട്ടയോട്ടം യുവജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി

സാമൂഹിക തിന്മകൾക്കെതിരെ കെ.സി.വൈ.എൽ. അതിരൂപതാസമിതി കോട്ടയം നഗരത്തിൽ സംഘടിപ്പിച്ച കൂട്ടയോട്ടം യുവജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ ആരംഭിച്ച കൂട്ടയോട്ടം കെ.പി.സി.സി. പ്രസിഡന്റ് വി. എം. സുധീരൻ ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നുമായി 2000 ഓളം യുവജനങ്ങൾ കൂട്ടയോട്ടത്തിൽ പങ്കെടുത്തു. നെഹ്യു സ്റ്റേഡിയത്തിൽ നിന്നാരംഭിച്ച് ബേക്കർ ജംഗ്ഷൻ, ഗാന്ധിസ്ക്വയർവഴി കടന്നുപോയ കൂട്ടയോട്ടം കോട്ടയം ബി.സി.എം. കോളേജിൽ സമാപിച്ചു. തുടർന്ന് അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.വൈ.എൽ. അതി

രൂപതാ ചാപ്ലയിൻ ഫാ. അബ്രഹാം പറമ്പേട്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, ബിനോയി ഇടയാടിയിൽ എന്നിവർ ആശംസകളർപ്പിച്ചു. കെ. സി. വൈ. എൽ. അതിരൂപതാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദിനൂപ് പി. മലയിൽ**
അതിരൂപതാ ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഒരു വർഷക്കാലം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് വർണ്ണാഭമായ പരിസമാപ്തി. സുവർണ്ണ ജൂബിലി സമാപനാഘോഷങ്ങളോടനുബന്ധിച്ച് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സെപ്റ്റംബർ 16 ന് രണ്ടായിരം കർഷകദമ്പതികളെ അണിനിരത്തി സംഘടിപ്പിച്ച മെഗാ കർഷകദമ്പതി സംഗമത്തോടെയാണ് സമാപനാഘോഷങ്ങൾക്ക് തുടക്കമായത്. കർഷകദമ്പതി സംഗമത്തിന്റെ ഉദ്ഘാടനം ഭാരത കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കതോലിക്ക ബാവ നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മന്ത്രി രമേശ് ചെന്നിത്തല മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിനോടനുബന്ധിച്ച് നടത്തപ്പെട്ട ഭാഗ്യദമ്പതികളെ ആദരിയ്ക്കൽ ചടങ്ങ് ജലവിഭവ വകുപ്പ് മന്ത്രി പി. ജെ ജോസഫ് നിർവ്വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ, റോഷി അഗസ്റ്റ്യൻ എം.എൽ.എ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അന്തേരി ട്രസ്റ്റ് റീജിയണൽ ഓഫീസർ എസ്. സാന്റിയാഗോ, കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ട്രസ്സ് ജന

റൽ മിസ്സ് ആലീസ് ചിറമ്മേപ്പുറത്ത്, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. മെഗാ കർഷക ദമ്പതി സംഗമത്തോടനുബന്ധിച്ച് കുടുംബ മൂല്യങ്ങളും കാർഷിക സംസ്ക്കാരവും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിന് ഫാ. ലൂയിസ് വെള്ളിനാക്കൽ നേതൃത്വം നൽകി. ചിരിമഴ പരിപാടിക്ക് ചലച്ചിത്രതാരം ഗിന്നസ് പക്രു നേതൃത്വം നൽകി. പൊതുസമ്മേളനത്തോടനുബന്ധിച്ച് കേരളാ സോഷ്യൽ സർവ്വീസ് ഫോറം കെ.എസ്.എസ്.എസിന് ഉപഹാരവും സമ്മാനിച്ചു.

രണ്ടാം ദിനത്തിൽ നടത്തപ്പെട്ട വയോജക് 2014 അനുഭവക്കൂട്ടായ്മയുടെ ഉദ്ഘാടനം സർക്കാർ ചീഫ് വിപ്പ് പി.സി. ജോർജ്ജ് നിർവ്വഹിച്ചു. പാലാ രൂപതാ സഹായ മെത്രാൻ മാർ ജേക്കബ്ബ് മുരിക്കൻ അദ്ധ്യക്ഷത വഹിച്ചു. കരുണം സിനിമാ ഫെയിം വാവച്ചൻ, അർജുന അവാർഡ് ജേതാവ് ഗീതു അന്ന രാഹുൽ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. കോട്ടയം മുനിസിപ്പൽ ചെയർമാൻ എം.പി. സന്തോഷ് കുമാർ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ ജോർജ്ജ്, കോട്ടയം പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് എസ്. മനോജ്, സെന്റ് ജോസഫ് കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ സൗമ്യ എസ്.ജെ.സി, വിൻസെന്റ് ഡി. പോൾ പ്രസിഡന്റ് കെ. ജെ ജോസ് കോതലാടിയിൽ, ക്നാനായ കത്തോലിക്കാ വിമൻസ് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. ഷൈനി സ്റ്റീഫൻ, കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയ സംഘ ഫെഡറേഷൻ വൈസ് പ്രസിഡന്റ് ഫ്ളോറിൻ ചെറുശ്ശേരി, കെ. എസ്.എസ്.എസ് സ്റ്റാഫ് പ്രതിനിധി ജെസ്സി ചാക്കോ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് പഴയ തലമുറയിലെ അളുകളുടെ പാരമ്പര്യേതര അറിവുകൾ ഉൾച്ചേർത്തുകൊണ്ട് കെ.എസ്.എസ്.എസ് പുറത്തിറക്കിയ ഗൃഹവൈദ്യം പുസ്തക പ്രകാശനവും നടത്തപ്പെട്ടു.

സ്വാശ്രയവരുമാന സംരംഭകരുടെ സംഗമവും ലോൺ മേളയും ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. കെ.എസ്. എസ്.എസ്

പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ അദ്ധ്യക്ഷത വഹിച്ചു. പി. ഐഷാ പോറ്റി എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുത്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, എഫ്.വി.റ്റി.ആർ.എസ് പ്രസിഡന്റ് ഫാ. ആന്റണി കരിയിൽ, ആകാശവാണി വയലും വീടും പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പിള്ളിൽ, കെ.എസ്.എസ്.എസ് വോളണ്ടിയേഴസ് ഫോറം പ്രതിനിധി ജോയി ചെമ്മാച്ചേൽ, ഡി.സി.പി.ബി കോൺഗ്രിഗേഷൻ റീജിയണൽ സുപ്പീരിയർ സിസ്റ്റർ ബെർട്ടില്ല, കെ.എസ്.എസ്.എസ് വനിതാ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ലിസ്സി ലൂക്കോസ്, ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് വിവിധങ്ങളായ വരുമാന സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായുള്ള ലോൺ മേളയും നടത്തപ്പെട്ടു.ആയിരത്തോളം സ്വാശ്രയ സംരംഭകത്വ പ്രവർത്തകർ സംഗമത്തിൽ പങ്കെടുത്തു.

ജൂബിലി സമാപനാഘോഷങ്ങളുടെ നാലാം ദിനത്തിൽ നടത്തപ്പെട്ട സ്വാശ്രയ നേതൃസംഗമത്തിന്റെ ഉദ്ഘാടനം രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ കുര്യൻ നിർവ്വഹിച്ചു. എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് നേതൃദിന സന്ദേശം നൽകി. അഡ്വ. ജോയിസ് ജോർജ്ജ് എം.പി മുഖ്യപ്രഭാഷണം നടത്തി, സുപ്രസിദ്ധ സിനിമാതാരം കുളപ്പള്ളി ലീല മുഖ്യാതിഥിയായി പങ്കെടുത്തു. കെ. അജിത് എം.എൽ.എ, എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സേവ് എ ഫാമിലി പ്ലാൻ എക്സ്ക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷേൽ മേലാപ്പിള്ളി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെയ്ച്ചൽ ജേക്കബ്ബ്, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. മൈക്കിൾ എൻ.ഐ, വിസിറ്റേഷൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ ആൻ ജോസ് എസ്.വി.എം, കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ജോൺ മാവേലിൽ, കെ.എ

സ്.എസ്.എസ് പ്രോഗ്രാം ഓഫീസർ സിസ്റ്റർ ലിനറ്റ് ഡി.സി.പി.ബി എന്നിവർ പ്രസംഗിച്ചു. നേതൃസംഗമത്തോടനുബന്ധിച്ച് സ്വാശ്രയസംഘകലാവിരുന്നും നടത്തപ്പെട്ടു. ആയിരത്തോളം പ്രവർത്തകർ സംഗമത്തിൽ പങ്കെടുത്തു.

ജൂബിലി സമാപനാഘോഷങ്ങളോടനുബന്ധിച്ച് സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ട കെ.എസ്.എസ്.എസ് - ചൈതന്യ കുടുംബസംഗമദിന കൃതജ്ഞതാ ബലിക്ക് അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് നടത്തപ്പെട്ട കുടുംബസംഗമ സമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപതാ പ്രഥമ മെത്രാപ്പോലീത്താ മാർ കുര്യാക്കോസ് കുന്നശ്ശേരി നിർവ്വഹിച്ചു. അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, കെ.എസ്.എസ്.എസ് മുൻ പ്രസിഡന്റ് മോൺ. ജേക്കബ്ബ് കൊല്ലാപറമ്പിൽ, കോട്ടയം അതിരൂപതാ പ്രിസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. തോമസ് ആനിമൂട്ടിൽ, കോട്ടയം അതിരൂപതാ മലങ്കര റീജിയൺ വികാരി ജനറാൾ ഫാ. തോമസ് കുരിശുംമൂട്ടിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് , കെ.എസ്.എസ്.എസ് മുൻ അസിസ്റ്റന്റ് സെക്രട്ടറി ഫാ. ജിബിൽ കുഴിവേലിൽ, കെ.എസ്.എസ്.എസ് സ്റ്റാഫ് അലൂമിനി അസോസിയേഷൻ പ്രതിനിധി ഫിലിപ്പ് പെരുമ്പളത്തുശ്ശേരി, ചൈതന്യ പാസ്റ്ററൽ സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിനു കാവിൽ എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് സ്നേഹ വിരുന്നും കലാവിരുന്നും നടത്തപ്പെട്ടു.

സുവർണ്ണ ജൂബിലി സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ 21 ഞായറാഴ്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് പ്രവർത്തനങ്ങൾ സാമൂഹ്യ പ്രതിബദ്ധത ഉണർത്തുന്നതും മാതൃകാപരവും സമൂഹത്തിന് പ്രചോദനം നൽകുന്നവയുമാണെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയിലും സ്വയംതൊഴിൽ സംരംഭകമേഖലകളിലും കെ.എസ്.എസ്.എസ്

നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സുവർണ്ണ ജൂബിലി ആംബുലൻസ് സർവീസ് പദ്ധതിയുടെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി നിർവ്വഹിച്ചു. സുവർണ്ണ ജൂബിലി കർമ്മ പദ്ധതി ഡോക്കുമെന്ററി പ്രകാശനം വന-ഗതാഗത-പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാ കൃഷ്ണൻ നിർവ്വഹിച്ചു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ജോസ് കെ. മാണി എം.പി, ജോയി അബ്രാഹം എം.പി, സുരേഷ് കുറുപ്പ് എം.എൽ.എ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി, തോമസ് ചാഴികാടൻ എക്സ് എം.എൽ. എ, എം.ജി യൂണിവേഴ്സിറ്റി പ്രൊ.വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ, മോൺ. മാത്യു ഇളപ്പാനിക്കൽ, സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഫിൽസൺ മാത്യൂസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സിനിമാ നിർമ്മാതാവ് ലിസ്റ്റിൻ സ്റ്റീഫനെ ആദരിച്ചു. രണ്ടായിരത്തി അഞ്ഞൂറോളം സ്വാശ്രയസംഘ പ്രതിനിധികൾ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

## ഓണംഫെസ്റ്റ് 2014 സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കെ.എസ്.എസ്.എസ് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ 'ഓണം ഫെസ്റ്റ് 2014' സംഘടിപ്പിച്ചു. കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച ഫെസ്റ്റിന്റെ ഉദ്ഘാടനം ചീഫ് വിപ്പ് പി. സി ജോർജ്ജ് നിർവ്വഹിച്ചു.. കേരള ഫിഡ്സ് ചെയർമാൻ ഫ്രാൻസിസ് ജോർജ്ജ് എക്സ് എം. പി, ഇടുക്കി ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീലാ സ്റ്റീഫൻ, കെ. എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, കരിങ്കുന്നം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. സാബു മാലിത്തുരുത്തേൽ, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പ്രസി

ഡന്റ് തോമസ് കോര, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റ് ജോജി തോമസ്, കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ യു. കെ സ്റ്റീഫൻ, ഹെഡ്മാസ്റ്റർ ജോസ് എം., കെ. എസ്.എസ്.എസ് ചുങ്കം മേഖല പുരുഷ സ്വാശ്രയസംഘം പ്രസിഡന്റ് റോയി ജേക്കബ്, കെ.എസ്.എസ്.എസ് വനിത സ്വാശ്രയസംഘം പ്രസിഡന്റ് ഷൈനി ജോസ് എന്നിവർ പ്രസംഗിച്ചു. ഫെസ്റ്റിനോടനുബന്ധിച്ച് നടന്ന സാംസ്കാരിക ഘോഷയാത്ര കരിങ്കുന്നം എ. എസ്. ഐ വിശ്വംഭരൻ ഫ്ളാഗ് ഓഫ് ചെയ്തു. രാവിലെ 10.30 ന് 'മൂല്യാധിഷ്ഠിത കുടുംബജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിന് എം. ജി യൂണിവേഴ്സിറ്റി ബിഹേവിയറൽ സയൻസ് വിഭാഗം മേധാവി ഡോ. റസീന പദ്മം നേതൃത്വം നൽകി. സ്വാശ്രയസംഘ കലാപരിപാടികൾ, വിവിധ കാർഷിക മത്സരങ്ങൾ, പുരുഷൻമാർക്കും വനിതകൾക്കുമുള്ള വടം വലി എന്നിവ ഫെസ്റ്റിനോടനുബന്ധിച്ച് നടത്തപ്പെട്ടു. മത്സരങ്ങളുടെ സമ്മാനദാനം നബാർഡ് ഇടുക്കി ജില്ല ഡെവലപ്പ്മെന്റ് മാനേജർ ദീപ എസ്. പിള്ള, ഔസേപ്പ് ജോൺ പുളിമൂട്ടിൽ എന്നിവർ നിർവഹിച്ചു.

## ആം ആദ്മി ബീമ യോജന ഇൻഷുറൻസ് പദ്ധതി – വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭ്യമാക്കി തുടങ്ങി

കെ.എസ്.എസ്.എസ് എൽ.ഐ.സി ഓഫ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ആം ആദ്മി ബീമ യോജന ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭ്യമാക്കി തുടങ്ങി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ അംഗങ്ങളായവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ 9, 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കിയത്. 83 കുട്ടികൾക്കായി 49800 രൂപ ആദ്യ ഗഡുവായി ലഭ്യമാക്കി. എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയുടെ പ്രതിവർഷ പ്രീമിയം 100 രൂപയായിരുന്നു.

## ഊർജ്ജതരംഗിണി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ഊർജ്ജ തരംഗിണി എന്ന പേരിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിലെ സെമിനാർ സെപ്റ്റംബർ മാസത്തിൽ ചെങ്ങളം, കാരിത്താസ്, കുമരകം, സംക്രാന്തി, റാന്നി, പേരൂർ, ഉഴവൂർ, മാറിയിടം, കൂടല്ലൂർ, ഏറ്റുമാനൂർ, വെളിയനാട്, കുറ്റൂർ എന്നീ ഗ്രാമങ്ങളിൽ നടത്തപ്പെട്ടു. സെമിനാറിനോടനുബന്ധിച്ച് ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ അടങ്ങിയ ലഘുലേഖകളുടെ വിതരണവും നടത്തപ്പെട്ടു. പങ്കാളിത്താധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

## പായസകിറ്റ് ലഭ്യമാക്കി

കെ.എസ്.എസ്.എസിന്റെ 80 പ്രവർത്തന ഗ്രാമങ്ങളിലെ സ്വശ്രയ സംഘാംഗങ്ങൾക്കായി കുറഞ്ഞ നിരക്കിൽ പായസ കിറ്റുകൾ ലഭ്യമാക്കി. 13400 പായസ കിറ്റുകളാണ് വിവിധ ഗ്രാമങ്ങളിലായി വിതരണം ചെയ്തത്.

## അന്ധബധിര കാഴ്ച നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു:

കെ.എസ്.എസ്.എസ് സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന അന്ധ ബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ആശുപത്രിയുടെ സഹകരണത്തോടെ കാഴ്ച നിർണ്ണയ ക്യാമ്പ് ഡോ. തോമസ് മാത്യുവിന്റെ നേത്രത്തിൽ സംഘടിപ്പിച്ചു.

## ചൈൽഡ് ഡെവലപ്പ്മെന്റ് പദ്ധതി സഹായ വിതരണം നടത്തി

കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ മാസത്തിൽ പഠനത്തിനും ചികിത്സക്കുമായി 23500 രൂപ സഹായം ലഭ്യമാക്കി.

## ജലനിധി വാർത്തകൾ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജലനിധി പദ്ധതി അതിവേഗം പുരോഗമിക്കുന്നു. ജലനിധി പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കുമായുള്ള ടാങ്ക് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടാങ്ക് നിർമ്മാണത്തോടൊപ്പം തന്നെ പൈപ്പ് ലൈൻ വലിക്കുന്നതിനുള്ള ക്രമീകരണങ്ങളും പൂർത്തീകരിച്ച് കഴിഞ്ഞു. 155 ഓളം ഗുണഭേക്താക്കൾക്കുള്ള മഴവെള്ള സംഭണിയുടെ നിർമ്മാണത്തിനായി കൊട്ടേഷൻ ക്ഷണിച്ചുകഴിഞ്ഞു. അതോടൊപ്പം 800 ഗുണഭോക്താക്കൾക്കുള്ള ഗ്രൗണ്ട് വാട്ടർ റീചാർജിന് വേണ്ടിയുള്ള അംഗീകാരം ജലനിധിയിൽ നിന്നും ലഭിച്ച് കഴിഞ്ഞു. 2015 മാർച്ചിൽ പദ്ധതി പൂർത്തിയാക്കുവാനുള്ള ഒരുക്കത്തിലാണ് കെ.എസ്.എസ്.എസ്.

## 17 – ാ മത് ചൈതന്യ കാർഷിക മേള
## നവംബർ 26 മുതൽ 30 വരെ തീയതികളിൽ

അമ്പത്തിഅയ്യായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ കുടുംബമഹോത്സവമായ സ്വാശ്രയസംഘ മഹോത്സവവും 17-ാമത് ചൈതന്യകാർഷികമേളയും നവംബർ 26 മുതൽ 30 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ എന്നിവയും വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യവും മേളയെ ആകർഷണീയമാക്കും.

## ചൈതന്യ കാർഷിക മേള സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് അവസരം

17-ാമത് ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് നവംബർ 26 മുതൽ 30 വരെ തീയതികളിൽ വിവിധങ്ങളായ സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് സ്വാശ്രയ സംഘാംഗങ്ങൾക്കും ഇതര തൽപര വ്യക്തികൾക്കും അവസരം ഒരുക്കുന്നു. മേളയോടനുബന്ധിച്ച് ക്രമീകരിക്കുന്ന പ്രദർശന വിപണന സ്റ്റാളുകൾ 15000 രൂപ നിരക്കിലായിരിക്കും ലഭ്യമാക്കുന്നത്. സ്വാശ്രയസംഘാംഗങ്ങളുടെ സ്റ്റാളുകൾ മേളയ്ക്കു ശേഷം വിലയിരുത്തൽ നടത്തി സ്റ്റാൾ ഒന്നിന് 5000 രൂപാ വീതം സബ്സിഡിയായി തിരികെ ലഭ്യമാക്കും. സ്റ്റാൾ ബുക്കിംഗിന് താൽപര്യമുള്ളവർ ഒക്ടോബർ 21 തീയതി 10 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.

## മേഖലാവിള പ്രദർശന മത്സരം

17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ 8 പ്രവർത്തന മേഖലകളിലുള്ള സംഘാംഗങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക ഉൽപന്നങ്ങളാണ് പ്രദർശനത്തിനായി ഒരുക്കേണ്ടത്. മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വിളകൾ ആകർഷകമായ രീതിയിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന മേഖലകൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകുന്നതാണ്. ജൈവവളം ഉപയോഗിച്ച് ഉല്പാദിപ്പിച്ച വിളകളുടെ പ്രദർശനവും വിപണനവും പ്രത്യേകം ക്രമീകരിക്കുന്നതാണ്.

## പൊതുവിള പ്രദർശന മത്സരം

കർഷകരേയും കാർഷിക മേഖലയേയും പ്രോത്സാഹിപ്പിക്കുന്നതിനായി മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, അടയ്ക്കാക്കുല, ചക്ക എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതാത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ട

താണ്. ഒരോ ഇനത്തിനും ഒന്നാം സമ്മാനമായി 1500 രൂപയും രണ്ടാം സമ്മാനമായി 1000 രൂപയും നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നവംബർ 25-ാം തീയതി വിളകൾ ചൈതന്യയിൽ എത്തിക്കേണ്ടതാണ്.

## കാർഷിക മത്സരങ്ങൾ

കാർഷിക മേളയുടെ ഭാഗമായി വിവിധ കാർഷിക മത്സരങ്ങൾ സ്വാശ്രയസംഘാംഗങ്ങൾക്കായി സംഘടിപ്പിക്കുന്നു. ഭക്ഷ്യസുരക്ഷയുടെയും കാർഷിക സമൃദ്ധിയുടെയും സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

## ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ

17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് അകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി വിഭവസമാഹരണ കൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. കാർഷികമേളയോടനുബന്ധിച്ച് നടപ്പിലാക്കുന്ന സമ്മാനകൂപ്പൺ പദ്ധതിയിൽ ഒന്നാം സമ്മാനമായി സ്കൂട്ടറും രണ്ടാം സമ്മാനമായി ഒരു പവൻ സ്വർണ്ണവും മൂന്നാം സമ്മാനമായി ഫ്രിഡ്ജും നാലാം സമ്മാനമായി തയ്യൽ മെഷീനും അഞ്ചാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതലസമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. മാറാരോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിതമായ നിരവധി രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്.

## പക്ഷിമൃഗാദികളുടെ പ്രദർശനവും വില്പനയും

17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് പക്ഷി മൃഗാദികളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നു. നാടൻ കോഴികൾ, താറാവ്, മുയൽ, കാട, പേത്ത, എമു, കൾഗം, ആട്, നാടൻ പന്നിക്കുഞ്ഞുങ്ങൾ, ഗിനിപ്പന്നി, അലങ്കാരപ്പക്ഷികൾ എന്നിവയാണ് പ്രദർശ

നത്തിനും വിപണനത്തിനുമായി ക്രമീകരിക്കുന്നത്.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ

കാർഷികമേളയോടനുബന്ധിച്ച് സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. 3070 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്ക് മേളയുടെ ദിനങ്ങളിൽ സ്വാശ്രയ സംഘാംഗ ങ്ങൾക്ക് 2650/- രൂപ നിരക്കിലും മേളയിൽ പങ്കെടുക്കുന്ന പൊതുജന ങ്ങൾക്ക് 2750/- രൂപ നിരക്കിലുമാണ് റാന്തൽ വിളക്കുകൾ ലഭ്യമാക്കു ന്നത്. റാന്തൽ വിളക്കുകൾ വാങ്ങാൻ ആഗ്രഹിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾ നവംബർ 15 ന് മുമ്പായി മുഴുവൻ തുകയും അടച്ച് അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജി സ്റ്റർ ചെയ്തവർക്ക് മേളയുടെ ദിനങ്ങളിൽ റാന്തൽ വിളക്കുകൾ വാങ്ങു ന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതാണ്.

## ചൈതന്യ കാർഷികമേളയിൽ തിമിര നിർണ്ണയ ക്യാമ്പ്

17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് സൗജന്യ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശു പത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ നടപ്പിലാക്കി വരുന്ന തിമിര നിർണ്ണയ ക്യാമ്പിന്റെ തുടർച്ചയായിട്ടാണ് ക്യാമ്പ് സംഘടിപ്പിക്കു ന്നത്. മേളയുടെ ദിനങ്ങളായ നവംബർ 28, 29, 30 തീയതികളിൽ മാത്രമായിരിക്കും ക്യാമ്പ് നടത്തപ്പെടുക. പരിശോധനയിലൂടെ തിമിരം നിർണ്ണയിക്കുന്നവർക്ക് സൗജന്യ തിമിര ശസ്ത്രക്രിയ ചെയ്യുന്നതിനും അവസരമൊരുക്കുന്നതാണ്. ചൈതന്യയിൽ മേളയുടെ ദിനങ്ങളിൽ നടത്തപ്പെടുന്ന നേത്ര പരിശോധനയ്ക്ക് വിധേയരാകാൻ ആഗ്രഹി ക്കുന്നവർ ആനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കലിംഗാബ്രൗൺ മുട്ടക്കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്**

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സ്വാശ്രയസംഘാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാർഷികമേളയോടനുബ ന്ധിച്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. 45 ദിവസം പ്രായമുള്ള കലിംഗ ബ്രൗൺ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞു ങ്ങളെയാണ് ലഭ്യമാക്കുന്നത്. പൊതുജനങ്ങൾക്ക് ഒരു ജോഡിക്ക് 190 രൂപാ നിരക്കിലും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 160

രൂപാ നിരക്കിലായിരിക്കും മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുന്നത്. താല്പര്യമുള്ളവർ നവംബർ 15 ന് മുമ്പായി ആനിമേറ്റർ മുഖേന പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്. രജിസ്റ്റർ ചെയ്തവർ കാർഷികമേളയുടെ ദിനങ്ങളിൽ ടോക്കൺ സഹിതം ചൈതന്യയിലെത്തി കോഴികുഞ്ഞുങ്ങളെ വാങ്ങേണ്ടതാണ്.

## വയോജനങ്ങൾക്കായി നേതൃത്വ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് വയോജനങ്ങളുടെ സമഗ്രക്ഷേമം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഭാഗമായി ഹെൽപ്പേജ് ഇൻഡ്യയുടെ സഹകരണത്തോടെ പുതുതായി രൂപം നൽകിയ 50 സീനിയർ സ്വാശ്രയ സംഘങ്ങളിലെ ഭാരവാഹികൾക്കായി ഏകദിന നേതൃത്വ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 16-ാം തീയതി വ്യാഴാഴ്ച്ച രാവിലെ 10.30 മുതൽ 3.30 വരെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിൽ ഓരോ ഗ്രൂപ്പിനെയും പ്രതിനിധീകരിച്ച് രണ്ട് ഭാരവാഹികൾ വീതം പങ്കെടുക്കേണ്ടതാണ്.

## കെ.എസ്.എസ്.എസ് വിത്ത് ബാങ്കിലേക്ക് വിത്തുകൾ ശേഖരിക്കുന്നു.

കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന വിവിധങ്ങളായ കൃഷി പ്രോത്സാഹന പ്രവർത്തനങ്ങളുടെ ഭാഗമായി വിത്തു ബാങ്കിലേക്ക് വിത്തുകൾ ശേഖരിക്കുന്നു. വീട്ട് കൃഷി വർഷത്തിൽ കെ.എസ്.എസ്.എസ് ഭക്ഷ്യസുരക്ഷ മുൻനിർത്തി നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതിയുടെ ഭാഗമായി പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവയുടെ വിത്തുകളാണ് ശേഖരിക്കുന്നത്.

## അടുക്കളത്തോട്ട മൽസരം വിലയിരുത്തൽ നടത്തുന്നു

അന്താരാഷ്ട്ര വീട്ടുകൃഷി വർഷാചരണത്തിന്റെ ഭാഗമായി സ്വാശ്രയ സംഘാംഗങ്ങൾക്കായി കെ.എസ്.എസ്.എസ് സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സര വിലയിരുത്തൽ നടത്തുന്നു. ഗ്രാമവികസന സമിതി വഴിയാണ് വിലയിരുത്തൽ നടത്തുന്നത്. വിജയികളാകുന്നവർക്ക് 250 രൂപ വീതം പ്രോത്സാഹന സമ്മാനം നൽകും. പത്തിനം വ്യത്യസ്ഥ പച്ചക്കറി

തൈകൾ ഏറ്റവും നല്ല രീതിയിൽ ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്യുന്ന കർഷകരെയാണ് ഓരോ ഗ്രാമത്തിൽ നിന്നും വിജയികളായി തിരഞ്ഞെടുക്കേണ്ടത്. നവംബർ 10 ന് മുമ്പായി ഗ്രാമവികസന സമിതി യുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തി വിജയികളുടെ പേരും വിശദാംശങ്ങളും കെ.എസ്.എസ്.എസ് കേന്ദ്ര ഓഫീസിൽ നൽകേണ്ട താണ്.

## ശരണ്യ സ്വയം തൊഴിൽ പദ്ധതി – ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുന്നു.

സാമ്പത്തിക ഭദ്രത ഇല്ലാത്ത വിധവകൾക്ക് വേണ്ടിയും പ്രത്യേക സാഹചര്യത്തിൽ കുടുംബഭാരം പേറുന്ന അമ്മമാർക്ക് വേണ്ടിയും സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ട പ്രാഥമിക ബോധവത്ക്ക രണ സെമിനാർ ജില്ലാ എംപ്ലോയിമെന്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒക്ടോബർ 14-ാം തീയതി ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ ചൈതന്യയിൽ നടത്തപ്പെടുന്നു. ഇടയ്ക്കാട്ട്, കിടങ്ങൂർ, കൈപ്പുഴ മേഖ ലകളിലെ പേര് രജിസ്റ്റർ ചെയ്ത സംഘാംഗങ്ങൾക്കാണ് ആദ്യഘട്ട സെമി നാറിൽ പങ്കെടുക്കാൻ അവസരം ഒരുക്കുന്നത്.

## അന്ധബധിര പുനരധിവാസ പദ്ധതി – സംസ്ഥാനതല ശിൽപശാല

അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യ മാക്കി കെ.എസ്.എസ്.എസും സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയും സംയുക്തമായി അന്ധബധിര വൈകല്യമുള്ളവരുടെ ശാസ്ത്രീയ പുന രധിവാസം എന്ന വിഷയത്തെ ആസ്പദമാക്കി ചൈതന്യയിൽ ഒക്ടോ ബർ 18-ാം തീയതി 10 മണിമുതൽ 4 മണിവരെ സംസ്ഥാനതല ശിൽപ ശാല സംഘടിപ്പിക്കുന്നു. ആരോഗ്യ രംഗത്തെ പ്രമുഖർ, വികലാംഗക്ഷേമ പ്രവർത്തകർ, വിദ്യാഭ്യാസ മേഖലയിലെ പ്രമുഖർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ തുടങ്ങിയ വിവിധ മേഖലക ളിലെ പ്രമുഖർ ശില്പശാലയിൽ പങ്കെടുക്കും.

## സംസ്ഥാനതല നെറ്റ് വർക്ക് മീറ്റിംഗ്

അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കെ.എസ്.എസ്.എസും സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി അന്ധ ബധിര കുട്ടികളുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമായി സംസ്ഥാനതല നെറ്റ് വർക്ക് മീറ്റിംഗ് ഒക്ടോബർ 17-ാം തീയതി ചൈതന്യയിൽ സംഘടിപ്പിക്കുന്നു. അന്ധബധിര വൈകല്യമുള്ള എല്ലാ കുട്ടികളുടെയും രക്ഷിതാക്കൾ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

## 'സുരക്ഷ കേരളം' – വൃക്കരോഗ നിർണ്ണയ ക്യാമ്പ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ സുരക്ഷ കേരളം പദ്ധതിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പ് നവംബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ആധുനിക മൊബൈൽ ലാബ് സൗകര്യം ഉപയോഗിച്ച് വിദഗ്ദ്ധ പരിശോധനയിലൂടെ രോഗനിർണ്ണയ സൂചനകൾ തികച്ചും സൗജന്യമായി അതാത് ഗ്രാമത്തിൽ ലഭ്യമാക്കുന്നതാണ്. ക്യാമ്പിനോടനുബന്ധിച്ച് വൃക്കരോഗങ്ങളും ജീവിതശൈലി രോഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ സെമിനാറും നടത്തപ്പെടും. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ ഏവരും ശ്രദ്ധിക്കുമല്ലോ.

## സ്മാർട്ട് പരീക്ഷ

സ്മാർട്ട് ഗ്രൂപ്പിലെ കൂട്ടുകാർക്ക് പരീക്ഷയ്ക്ക് സമയമായി. 2014-2015 അദ്ധ്യയന വർഷത്തിലെ പരീക്ഷ നവംബർ 8-ാം തീയതി 11 മുതൽ 12.30 വരെ നടത്തപ്പെടുകയാണ്. പൊതുവിഞ്ജാനവും, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസത്തിലെ സംഘചൈതന്യയിലെ വാർത്തകളും പാഠപുസ്തകത്തിലെ നാല് അദ്ധ്യായങ്ങളുമാണ് പരിക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## തൊഴിൽ പരിശീലനങ്ങൾ

### കൂൺ കൃഷി പരിശീലനം

കൂൺകൃഷി പരിശീലനം ഒക്ടോബർ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ കൃഷി തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും.

### ആഭരണ നിർമ്മാണ പരിശീലനം

കെ. എസ്. എസ്. എസ്. ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 11 ശനിയാഴ്ച ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് ആഭരണ നിർമ്മാണം എന്നിവയാണ് പരിശീലനത്തോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്നത്.

### മെഴുകുതിരി നിർമ്മാണ പരിശീലനം

കെ. എസ്. എസ്. എസ്. ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

### തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

നാളികേര വികസന ബോർഡുമായി സഹകരിച്ച് കെ. എസ്. എസ്. എസ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 19 മുതൽ 25 വരെ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനത്തോടനുബന്ധിച്ച് തെങ്ങുകയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, പരിസ്ഥിതി സൗഹാർദ്ദ ജീവിതശൈലി, പ്രാഥമിക ശുശ്രൂഷ, ആശയവിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മാർ മാക്കീൽ വിസിറ്റേഷൻ വിദ്യാഭ്യാസ സഹായ പദ്ധതി

കോട്ടയം അതിരൂപതയിൽ പ്രവർത്തിക്കുന്ന വിസിറ്റേഷൻ സന്യാസിനി സമൂഹം മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് വയനാട്ടിലെ ക്നാനായ കുടുംബങ്ങളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ മാർ മാക്കീൽ വിസിറ്റേഷൻ വിദ്യാഭ്യാസ സഹായപദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം പുളിഞ്ഞാൽ പള്ളിയിൽ വച്ചു നടന്ന പൊതുസമ്മേളനത്തിൽ കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. പെരിക്കല്ലൂർ ഫൊറോനാ വികാരി ഫാ. വിൻസന്റ് കുരുട്ടുപറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. വിസിറ്റേഷൻ കോൺഗ്രിഗേഷൻ മദർ ജനറൽ സി. ആൻ ജോസ് പദ്ധതി വിശദീകരണം നടത്തി. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസ് ചിറപ്പുറം, പുളിഞ്ഞാൽ പള്ളി വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ പ്രസംഗിച്ചു. മൂന്നു വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 30 ലക്ഷം രൂപയാണ് വിസിറ്റേഷൻ കോൺഗ്രിഗേഷൻ ചെലവഴിക്കുന്നത്. യുവജനങ്ങളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധ മേഖലകളിൽ പരിശീലനം തുടങ്ങിയവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത രക്ഷാധികാരിയും, പെരിക്കല്ലൂർ പൊറോന വികാരി പ്രസിഡന്റും, വിസിറ്റേഷൻ കോൺഗ്രിഗേഷൻ റീജിയണൽ സുപ്പീരിയർ വൈസ് പ്രസിഡന്റും, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ സെക്രട്ടറിയുമായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പദ്ധതി പ്രകാരമുള്ള ആദ്യ ചെക്കു വിതരണം ഒക്ടോബർ 11ന് പാവന പാസ്റ്ററൽ സെന്ററിൽവച്ച് കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ നിർവ്വഹിക്കു

ന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

## അടിസ്ഥാന ജീവൻ സുരക്ഷ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസ് എന്ന പ്രസ്ഥാനവുമായി സഹ കരിച്ച് മടമ്പം മേഖലയിലെ മടമ്പം, പയ്യാവൂർ എന്നീ ഇടവകകളിൽ വച്ച് അടിസ്ഥാന ജീവൻ സുരക്ഷ പരിശീലന പരിപാടി സംഘടിപ്പിച്ചു. മടമ്പം സെന്റ് മേരീസ് പാരിഷ് ഹാളിൽ നടന്ന പരിശീലന പരിപാടി മടമ്പം ഫൊറോനാ വികാരി ഫാ. സ്റ്റാനി ഇടത്തിപറമ്പിലും, പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽ വച്ച് നടന്ന പരിശീലന പരിപാടി പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് സി. പി. ജോസും ഉദ്ഘാടനം ചെയ്തു. റോഡ പകടം, ഇലക്ട്രിക് ഷോക്ക്, തീപ്പൊള്ളൽ, മുങ്ങിതാഴൽ, ഹൃദയസ്പന്ദ നം, പാമ്പുകടി തുടങ്ങി ആകസ്മികമായി നിത്യജീവിതത്തിൽ ഉണ്ടാ കുന്ന ദുരന്തങ്ങളെ അതിജീവിക്കുന്നതിനുള്ള അടിസ്ഥാന ജീവൻ സുരക്ഷ പരിശീലനം മോക്ക് ഡ്രിൽ, ഡമോൺസ്ട്രേഷൻ, സ്ട്രീറ്റ് പ്ലേ തുടങ്ങിയ മാധ്യമങ്ങളിലൂടെ അവതരിപ്പിച്ചാണ് പരിശീലനം നൽകിയ ത്. പരിശീലന പരിപാടികൾക്ക് മാസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

## സാമ്പത്തിക സാക്ഷരത പഠനശിബിരം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡ് റ്റി.ഡി.എ ഫ്. പദ്ധതിയുടെ ഭാഗമായി പയ്യാവൂർ വാതിൽമടയിൽ വച്ച് സാമ്പത്തിക സാക്ഷരത പഠമശിബിരം സംഘടിപ്പിച്ചു. കേരള ഗ്രാമീണ ബാങ്ക് സീനി യർ മാനേജർ (റിട്ടയേർഡ്) ശ്രീ. ധനഞ്ജയൻ പഠനശിബിരത്തിൽ ബോധ വൽക്കരണം നൽകി. പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ ട്രൈബൽ കോളനികളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത പരിപാടിയിൽ പദ്ധതി പ്രദേശത്തെ മുഴുവൻ കുടുംബങ്ങളിലും ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ തീരുമാനിച്ചു.

## ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്

മാസ്സ് ജില്ലാ ഭരണകേന്ദ്രങ്ങൾ, കാത്തലിക് ഹെൽത്ത് അസോസി യേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ,

കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടികൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ ഗ്രൂപ്പുകളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പു തൊഴിലാളികൾ, കർഷക സംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസ്സുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസലിംഗ് എന്നിവ നടത്തുന്നു. രോഗലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## പേപ്പർകമ്മൽ നിർമ്മാണ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജപുരം മേഖലയിലെ ആർട്ടിസാൻ ഗ്രൂപ്പ് അംഗങ്ങൾക്കു വേണ്ടി സൗജന്യമായി പേപ്പർ കമ്മൽ നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. രാജപുരം ഹോളി ഫാമിലി പാരിഷ് ഹാളിൽ വച്ചു നടന്ന പരിശീലന പരിപാടി മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ഉദ്ഘാടനം ചെയ്തു. ട്രെയിനർ സി. അൽഫോൻസ, കോർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 60 വനിതകൾ പരിശീലനം പൂർത്തിയാക്കി.

## ശിങ്കാരിമേളം പരിശീലിപ്പിക്കുന്നു

സ്വാശ്രയസംഘങ്ങളുടെ സാമ്പത്തിക പുരോഗതി ലക്ഷ്യം വച്ച് രാജപുരം മേഖലയിലുള്ള 15 വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം നൽകി വരുന്നു.

## തയ്യൽ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു

മാസ്സ് പാലക്കാട് മേഖലയിലുള്ള ചങ്ങലഗിരി, മംഗലഗിരി, ജോസ്ഗിരി, ചുള്ളിയോട് ഇടവകകളോട് ചേർന്ന് തയ്യൽ യൂണിറ്റുകൾ ആരംഭിച്ചു. പ്രസ്തുത യൂണിറ്റുകളുടെ ഉദ്ഘാടനം ഇടവക വികാരിമാർ നിർവ്വഹിച്ചു.

## കിണർ റീചാർജ്ജിംഗ് ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജപുരം മേഖലയിൽ പശ്ചിമഘട്ട വികസനപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 200 വീടുകളിൽ സൗജന്യമായി കിണർ റീചാർജ്ജിംഗ് ആരംഭിച്ചു. കേരളത്തിൽ ഒരു വർഷം ശരാശരി 3000 മില്ലിലിറ്റർ മഴ ലഭിക്കുന്നു. 1000 ചതുരശ്ര അടി വിസ്താരമുള്ള ഒരു വീടിന്റെ മുകളിൽ 2.5 ലക്ഷം ലിറ്റർ മഴവെള്ളം പതിയുന്നു. ഒരു സെന്റ് ഭൂമിയിൽ ഒരു വർഷം 1.20 ലക്ഷം ലിറ്റർ മഴവെള്ളം ലഭിക്കുന്നു എന്നാണ് സെന്റർ ഫോർ വാട്ടർ റിസോഴ്സ് മാനേജ്മെന്റ് ഡവലപ്മെന്റ് സ്റ്റഡിയുടെ കണക്ക്. എന്നാൽ ഇത്ര വലിയ അളവിൽ മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനം വേനൽക്കാലത്ത് കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ നമുക്ക് ലഭിക്കുന്ന മഴവെള്ളത്തെ കിണറുകളിലേയ്ക്ക് റീചാർജ്ജ് ചെയ്ത് വരുംനാളുകളിൽ കിണറുകളിലെ ജലവിതാനം ഉയർത്തി വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ വളരെ ചെലവ് കുറഞ്ഞതും, സാങ്കേതികവിദ്യ കുറഞ്ഞതുമായ കിണർ റീചാർജ്ജിംഗ് പദ്ധതിക്ക് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജപുരം മേഖലയിൽ തുടക്കമിട്ടു കഴിഞ്ഞു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടെ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് പ്രേരണയാകുവാനും ഈ പദ്ധതി ഉപകരിക്കുന്നു. വരും നാളുകളിൽ മാസ്സിന്റെ മറ്റു പ്രവർത്തനമേഖലകളിലും ഇത് സംബന്ധിച്ച ബോധവൽക്കരണ പരിപാടിയും, സ്വന്തമായി കിണർ റീചാർജ് ചെയ്യാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് വേണ്ട സാങ്കേതിക വിവരങ്ങളും ലഭ്യമാക്കുവാൻ മാസ്സ് ലക്ഷ്യമിടുന്നു.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ 2014**

7 ഉഴവൂർ ഇടവകാംഗമായ പരേതനായ സാബു വെമ്മേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

8 കടുത്തുരുത്തി വലിയപള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

9 കല്ലറ പഴയപള്ളി ഇടവകാംഗം കാരിത്തുരുത്തേൽ അച്ചുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

9-12 ചൈതന്യയിൽ നടന്ന ആർച്ച് എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുത്തു.

13 തൂവാനീസായിൽ കൺവൻഷനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിനോടനുബന്ധിച്ച് നിർമ്മിക്കുന്ന ഹാളിന്റെ തറക്കല്ലിട്ടു.

14 വടക്കുംമുറി പള്ളിയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന സാൻജോസ് മൗണ്ടിന്റെ തറക്കല്ലിടുകയും ചെയ്തു.

15 പത്തനംതിട്ടയിൽ നടന്ന റീജിയണൽ ബിഷപ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു.

15-19 തൂവാനീസായിൽ നടന്ന അതിരൂപതാ വൈദികരുടെ ധ്യാനത്തിൽ പങ്കെടുത്തു.

16 ചൈതന്യയിൽ നടന്ന കർഷകദമ്പതീ സംഗമത്തിൽ പങ്കെടുത്തു.

18 ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിന്റെ സുവർണ്ണജൂബിലി സമാപനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ

പങ്കെടുത്തു.

20 കെ.എസ്.എസ്.എസ്. കുടുംബസംഗമത്തോടനുബന്ധിച്ച് ചൈതന്യയിൽ വി. ബലിയർപ്പിച്ചു.

- കടുത്തുരുത്തി ഇടവകാംഗം പരേതയായ കുന്നശ്ശേരിൽ മേരി ജോണിനു വേണ്ടി പരേതയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 കെ. എസ്. എസ്. എസിന്റെ സുവർണജൂബിലി സമാപനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

22- ഒക്ടോബർ 13 ഷിക്കാഗോ രൂപതയുടെ സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ടിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുക്കാൻ അമേരിക്കയ്ക്ക് പോയി.

# ENGAGEMENTS

## Mar Mathew Moolakkatt

**October 2014**

14 Presbyteral Council meeting at Chaithanya

20-22 K.C.B.C. Media Training at POC

26 Inauguration of 'Saga' Programme at Karimkunnam

30 Installation of Mar George Njarakkatt at Thalassery

**November 2014**

1 Holy Qurbana and blessing of the presbytery at Eravimangalam

3 Regional Bishops' retreat at Alappuzha

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ 2014**

5 പുളിഞ്ഞാൽ പള്ളിയിൽ കൂടിയ യോഗത്തിൽ മാർ മാക്കീൽ വിസിറ്റേഷൻ വിദ്യാഭ്യാസ സഹായപദ്ധതി ഉദ്ഘാടനം ചെയ്തു.

8 കൂടല്ലൂർ സ്കൂളിൽ പുതുതായി പണിയുന്ന സ്കൂൾ കെട്ടിടത്തിന്റെ പ്രഥമ ശില വെഞ്ചരിച്ചു.

9–12 ചൈതന്യയിൽ വച്ച് നടത്തിയ അതിരൂപതാ അസംബ്ലിയിൽ സംബന്ധിച്ചു.

13 ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിനോടനുബന്ധിച്ച് പണിയുന്ന ഹാളിന്റെ ശിലാസ്ഥാപന ചടങ്ങിൽ പങ്കെടുത്തു.

– മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തിയ കോതമംഗലം രൂപതാ യുവജനക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

– തൂവാനീസാ കൺവൻഷനിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും അന്നേദിവസം വൈകുന്നേരം നടത്തിയ ദിവ്യകാരുണ്യ ആരാധനയ്ക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

15 പത്തനംതിട്ട അരമനയിൽ വച്ച് നടത്തിയ റീജിയണൽ ബിഷപ്സ് ധ്യാനത്തിൽ പങ്കെടുത്തു.

15–19 തൂവാനീസായിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

18 ബത്തേരിയിൽ നടന്ന കെ.സി.വൈ.എം. സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

21 ചൈതന്യയിൽ നടന്ന KSSS ന്റെ സുവർണ്ണജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

22–25 തൂവാനീസായിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

22 – ഒക്ടോബർ 6 ഓസ്ട്രേലിയായിലെ കാൻബറായിൽ വച്ച് നടത്തിയ ഓഷ്യാന കൺവൻഷനിൽ പങ്കെടുക്കുന്നതിന് ഓസ്ട്രേലിയയിൽ.

# Engagements

## Mar Joseph Pandarasseril

**October 2014**

11 Distribution of Mar Makil Visitation Education fund at Pavana Pastoral Centre, Mananthavady.

12 KCC forane meeting at Changaleri

14 Presbyteral Council meeting at Chaithanya.

17 Golden Jubilee year inauguration of Chakkupallom Church

19 Malabar region catechism anniversary at Perikalloor.

22 Teachers' guild meeting at Chaithanya.

23-28 Travel to Chandha & Khandha.

28 Consecration of Bishop elect Mar Ephraim Narikulam at Khandha

30 Installation of Mar George Njaralakat as the Archbishop of Tellicherry

**November 2014**

4 - 5 Bi-monthly of priests at Malabar.

# വചനദർശനം

**2014 ഒക്ടോബർ 12** **മത്താ. 20 : 1 – 26**

വീട്ടുടമസ്ഥൻ ക്രിസ്തുവും മുന്തിരിത്തോട്ടം സഭാസമൂഹവുമാണ്. സഭാ സമൂഹത്തിന്റെ ചെറുരൂപങ്ങളാണ് ഓരോ കുടുംബങ്ങളും ഇടവകകളും. അവിടെ ക്രിസ്തു നമ്മെ ജോലികൾക്കായി സഭയുടെ, സമൂഹത്തിന്റെ, കുടുംബത്തിന്റെ നന്മയ്ക്കായി, വിശുദ്ധീകരണത്തിനായി പ്രവർത്തിക്കാൻ നിയമിച്ചിരിക്കുന്നു. ഇനി ഈ കൂട്ടായ്മയിൽ ഭാഗഭാക്കാകാതെ, ചന്തസ്ഥലത്ത് അലസരായി നിൽക്കുന്ന മനോഭാവം നാം പുലർത്തരുത് എന്ന് വചനം ഓർമ്മിപ്പിക്കുന്നു. അവർ തോന്നുമ്പോൾ വരുകയും, തോന്നുന്നതു ചെയ്യുകയും ഉത്തരവാദിത്വബോധമില്ലാതെ പെരുമാറുന്നവരുമാണ്. നമ്മുടെ കുടുംബത്തിലും ഇടവകയിലും ഈ ദുരന്തങ്ങൾ കടന്നുകൂടാം. ഒരുമിച്ചു പ്രാർത്ഥിക്കാതിരിക്കുക, ഒരുമിച്ച് ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കാതിരിക്കുക തുടങ്ങിയവയൊക്കെ ഈ മനോഭാവത്തിന്റെ പ്രതിഫലനമാണ്. അവർ കുടുംബാംഗങ്ങളെയും ഇടവകയേയും ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പു വേദിയാക്കുന്നു. വ്യക്തിത്വത്തെ മാനിക്കാതെ അവരെ ചന്തയിലെ കച്ചവട വസ്തുക്കളായി കണ്ട് പെരുമാറുന്നു.

തങ്ങളെ ആരും വേലക്കു വിളിക്കുന്നില്ലെന്നു പരാതിപ്പെടുന്നവർ എന്നും പരാതികളും പരിഭവങ്ങളും, അസംതൃപ്തിയും നിറഞ്ഞ വ്യക്തികളുടെ മനോഭാവമാണ്. അത് കുടുംബത്തിന് ചേർന്നതല്ല എന്നും വചനം ഓർമ്മിപ്പിക്കുന്നു.

ഇടവകയ്ക്ക്, കുടുംബത്തിന്, സമൂഹത്തിന്, രാജ്യത്തിനുവേണ്ടി ആത്മാർത്ഥമായി അദ്ധ്വാനിക്കുന്നവർക്ക് അവിടുന്നു നീതിപൂർവ്വമായ വേതനം നൽകും. അത് വേലചെയ്ത മണിക്കൂറുകളുടെ ഏറ്റക്കുറച്ചിലുകളനുസരിച്ചല്ല, അവരുടെയും, അവരുടെ കുടുംബത്തിന്റെയും നന്മക്കാവശ്യമായത് എന്നതാണ് പ്രധാനം.

## മിഷൻ ഞായർ

**2014 ഒക്ടോബർ 19** **മത്താ. 28 : 16-20**

നല്ല മിഷനറിയാകാനുള്ള ഏഴു പടികൾ ഇന്നത്തെ സുവിശേഷഭാഗത്തുനിന്ന് നമുക്ക് കണ്ടെടുക്കാവുന്നതാണ്.

1. സന്ദർശനം - ദൈവത്തെ ദൈവാലയത്തെ സന്ദർശി ക്കാനുള്ള ആഗ്രഹം.
2. കല്ലുരുട്ടി മാറ്റണം - ജീവിതത്തിൽ ദൈവത്തിനു ചേരാത്ത കാര്യങ്ങൾ (ദുശ്ശീലങ്ങൾ, മദ്യം, ജഡികത, സ്വാർത്ഥത, വെറുപ്പുകൾ) എടുത്തു മാറ്റണം. അതിനുള്ള കൃപയ്ക്കായി ദൈവത്തോടു പ്രാർത്ഥിക്കണം. മാലാഖമാരുടെയും വിശുദ്ധരുടെയും മദ്ധ്യസ്ഥതയും യാചിക്കണം.
3. അന്വേഷിക്കുക - ദൈവവചനത്തിലൂടെയും, പ്രാർത്ഥന, വി. കുർബാന, കുമ്പസാരം, ജീവിതാനുഭവങ്ങൾ എന്നിവയിലൂടെയും ദൈവസ്വരത്തെ അന്വേഷിക്കണം.
4. വന്നു കാണണം - ആഗ്രഹത്തെ പ്രാവർത്തികമാക്കണം. ദൈവാലയത്തിലേയ്ക്ക് യാത്രയാവണം.
5. പോകണം - യാത്ര ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നാം നടത്തുന്ന സ്ഥാനചലനമാണ്. ജീവിതത്തിലും, മനോഭാവങ്ങൾക്കും പ്രവർത്തനശൈലികൾക്കും ഒരു സ്ഥാനചലനം സംഭവിക്കണം. അത് മാനസാന്തരാനുഭവമാണ്.
6. അവർ അവനെ പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിക്കണം. പൂർണ്ണമായും ദൈവത്തിലാശ്രയിക്കണം.
7. സഹോദരരെ സദ്വാർത്ത ആറിയിക്കുന്നവരാകണം. സാക്ഷ്യജീവിതത്തിലൂടെയും പരസ്നേഹപ്രവർത്തികളിലൂടെയും ദൈവത്തിന്റെ സുവിശേഷം മറ്റുള്ളവരെ അറിയിക്കുന്നവരാണ് മിഷനറിമാർ.

**2014 ഒക്ടോബർ 26** **മത്താ. 8 : 23-34**

കോളിളക്കങ്ങൾ നിറഞ്ഞ ജീവിതസാഹചര്യങ്ങളിൽ ജീവിതത്തിൽ ഞാൻ ഉറക്കിക്കിടത്തിയിരിക്കുന്ന ദൈവത്തെ തട്ടിയുണർത്താൻ കഴിഞ്ഞാൽ എന്റെ ജീവിതം ശാന്തമാകും.

പിശാച് / തിന്മ ബാധിച്ചവന്റെ ലക്ഷണങ്ങൾ നാം ഇന്നത്തെ സുവിശേഷഭാഗത്തിൽ കണ്ടുമുട്ടുന്നു.

1. ഉപദ്രവകാരി - വാക്കുകൊണ്ടും പ്രവർത്തികൊണ്ടും

2. ശവക്കല്ലറകളിൽ താമസിക്കുന്നവൻ - മനുഷ്യബന്ധങ്ങളിൽ നിന്നും അകന്ന് ഏകാന്തതയുടെ തുരുത്തുകളിൽ താമസിക്കുന്നവരാണ് അവർ.

3. ദൈവനിഷേധം / ദൈവനിന്ദ

4. സ്വന്തം പാപത്തെയും ജീവിത തിന്മകളെയും ന്യായീകരിക്കാൻ ദൈവത്തെ അവർ തള്ളിപ്പറയുന്നു.

5. ദൈവം മനുഷ്യന് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. തീരുമാനങ്ങൾ നിന്റേതാണ്. നശിക്കണോ? നന്നാവണോ?

6. ദൈവത്തെ ജീവിതത്തിൽ നിന്നും അകറ്റി നിർത്തുന്ന മനോഭാവങ്ങൾ.

തിന്മയിൽ നിന്നും പിശാചിന്റെ അടിമത്തത്തിൽ നിന്നും അകന്നു നിൽക്കാൻ ദൈവത്തെ മുറുകെ പിടിക്കണം നമ്മൾ.

ഡീക്കൻ ബിബിൻ ഒറ്റക്കുന്നേൽ

# വാർത്തകൾ

## ശ്രീലങ്കയിൽനിന്ന് ആദ്യമായി ഒരു വിശുദ്ധൻ

കൊളംബോ : കത്തോലിക്കാ സഭയ്ക്ക് ശ്രീലങ്കയിൽനിന്ന് ആദ്യമായി ഒരു വിശുദ്ധൻ. പതിനേഴാം നൂറ്റാണ്ടിൽ ശ്രീലങ്കയിൽ ജീവിച്ചിരുന്ന ഇന്ത്യൻ വംശജനായ റവ. ഗിസപ്പെ ബാസിനെ അടുത്ത ജനുവരിയിൽ ശ്രീലങ്ക സന്ദർശിക്കുമ്പോൾ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ

നായി പ്രഖ്യാപിക്കും. 1651ൽ ഗോവയിൽ ജനിച്ച ബാസ് ഡച്ചുകാരുടെ പീഢനത്തെതുടർന്നാണ് സുവിശേഷപ്രചരണത്തിന് ശ്രീലങ്ക തെരഞ്ഞെടുത്തത്. കാൽവിനിസ്റ്റുകളായ ഡച്ച് ഭരണാധികാരികൾ കത്തോലിക്കാ വിശ്വാസികളെ നിരന്തരം പീഢിപ്പിച്ചിരുന്നു. ലങ്കയിൽ കത്തോലിക്കാ വിശ്വാസം നിലനിർത്തുന്നതിൽ റവ. ബാസ് നിർണ്ണായക പങ്കു വഹിച്ചു. വിശുദ്ധ പദവിയിലേയ്ക്ക് ഒരാളെ ഉയർത്തുന്നതിന് ആ വ്യക്തിയുടെ മദ്ധ്യസ്ഥതയിൽ രണ്ട് അത്ഭുതങ്ങൾ സ്ഥിരീകരിക്കപ്പെടേണ്ടതുണ്ട്. റവ. ബാസിന്റെ കാര്യത്തിൽ മാർപാപ്പ ഇളവു വരുത്തുകയായിരുന്നു. ഒരു അത്ഭുതമാണ് ഇതുവരെ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ സ്ഥിരീകരിച്ചിട്ടുള്ളത്.

## വിവാഹം നിബന്ധനകളിൽ അധിഷ്ഠിതമായ ഒരു യാത്ര : ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ : വിവാഹം എന്നത് നിബന്ധനകളിൽ അധിഷ്ഠിതമായ ഒരു യാത്രയാണെന്നും അതൊരു സങ്കൽപമല്ലെന്നും ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചു. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ റോമിൽ നിന്നുള്ള 20 യുവതീയുവാക്കൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വച്ച് വിവാഹിതരായ അവസരത്തിലാണ് മാർപാപ്പ വിവാഹത്തെയും കുടുംബജീവിതത്തെയും കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് വ്യക്തമാക്കിയത്. “വിവാഹമെന്നത് സാങ്കൽപ്പികമായ ഒന്നല്ല. ക്രിസ്തുവിന്റെ സ്നേഹം പരിപാലിക്കപ്പെടുന്നത് ദമ്പതികളിലൂടെയാണ്. വിവാഹജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും കഷ്ടപ്പാടുകൾ ആന്തരിക ആലസ്യത്തിനും ദാമ്പത്യജീവിതത്തിന്റെ നല്ല അന്തരീക്ഷം നഷ്ടമാക്കുന്നതിനും കാരണമാകുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം ദമ്പതികളെ ജീവിതത്തിൽ ഒരുമിച്ചു യാത്ര ചെയ്യാൻ പ്രാപ്തരാക്കുന്നു. സഭയുടെയും ക്രിസ്തുവിന്റെയും സ്നേഹത്തിന്റെ വിശുദ്ധ ബലിയാണ് വിവാഹം. ഈ സ്നേഹത്തിന്റെ തെളിവും പൂർത്തീകരണവും കുരിശിലാണ് നാം കാണുന്നത്.” പരസ്പരമുള്ള അഭിപ്രായവത്യാസങ്ങൾ അന്നത്തെ ദിവസം തന്നെ പറഞ്ഞവസാനിപ്പിക്കണമെന്നും അദ്ദേഹം ദമ്പതികളെ ഉപദേശിച്ചു.

## കുടുംബത്തെക്കുറിച്ചുള്ള സിനഡിൽ 250 പേർ പങ്കെടുക്കുന്നു

റോം : ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ നടക്കുന്ന അസാധാരണ പൊതുസിനഡിൽ മാർപാപ്പാ ഉൾപ്പെടെ 250 പേരാണ് പങ്കെടുക്കുന്നത്. “സുവിശേഷവത്ക്കരണ പശ്ചാത്തലത്തിൽ കുടുംബ അജപാലനം നേരിടുന്ന വെല്ലുവിളികൾ” എന്നതാണ് പഠന വിഷയം. സിനഡിൽ പങ്കെടുക്കുന്നവരിൽ പൗരസ്ത്യസഭകളുടെ തലവന്മാർ (13), ബിഷപ്സ് കോൺഫ്രൻസുകളുടെ പ്രസിഡന്റുമാർ (114), വത്തിക്കാൻ കാര്യാലയങ്ങളുടെ തലവന്മാർ (25), മാർപാപ്പ നിശ്ചയിച്ച സിനഡു പിതാക്കന്മാർ (26), മാർപാപ്പ നിയമിച്ച നിരീക്ഷകർ (54), ദമ്പതികൾ (14) എന്നിവർ ഉൾപ്പെടുന്നു. സിനഡിൽ 250 പേരിൽ 150 പേർ ബിഷപ്പുമാരാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 14 ദമ്പതികൾ സിനഡിൽ ഔദ്യോഗിക അംഗങ്ങളായി പങ്കെടുക്കുന്നു എന്നതും ഈ സിനഡിന്റെ പ്രത്യേകതയാണ്.